സുറിയാനി

മലയാള

നിഘണ്ടു

ഫാ. അന്ത്രയോസ് കളപ്പുരക്കൽ

1940

ܠܟܣܝܩܘܢ ܕܡ̈ܠܐ ܣܘܪ̈ܝܝܬܐ

ܘܡܠܒܪ̈ܝܬܐ

SYRIAC MALAYALAM DICTIONARY

കളപ്പുരക്കൽ

പെ. ബ. അന്ത്രയോസ് മല്പാനച്ചനാൽ

സംഭൃതമായ

സുറിയാനി മലയാള നിഘണ്ടു.

വടക്കയിൽ മത്തായിക്കത്തനാർ

പരിഷ്കരിച്ചു വിപുലമാക്കിയ

പതിപ്പ്.

Printed at

The Mar Thoma Sliha Press,

Mangalapuzha,

Alwaye.

1940

പ്രാരംഭസൂചകം.

ലോകത്തിലുള്ള ഓരോ ഭാഷക്കും ഓരോ പ്രത്യേക മാഹാത്മ്യം ഉണ്ടെ ... അതതു ഭാഷ ഉപയോഗിക്കുന്നവർ ഘോഷിക്കുന്നതു സാധാരണമാ ...്. എന്നാൽ ദേശ്യഭാഷയായി ഇക്കാലത്തു നടപ്പില്ലാത്ത കൽദായ ...റിയാനി അതിന്റെ കാലപ്പഴക്കംകൊണ്ടും ഉല്പത്തിമാഹാത്മ്യംകൊ ...ും ഏററം ശ്ലാഘനീയമായിരിക്കുന്നതു കൂടാതെ, ലോകരക്ഷകനായ ...ഈശോമിശിഹായും തന്റെ പരിശുദ്ധ ജനനിയും വിശുദ്ധ പ്രേഷിതരും ...ംസാരിച്ചുവന്നതും നമ്മുടെ കർത്താവായ മിശിഹാ ഒന്നാമതായി ദിവ്യ ...ജ്ഞുപയോഗിച്ചതും ഈ ഭാഷ ആയിരിക്കയാൽ ദൈവികമായ ഒരു ...യസ്സും മഹത്വവും ഇതിനു സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു വാദമററ സം ...തിയാകുന്നു. വേദപാരഗന്മാരായ വി. ഈറാനിമ്മോസ്, അഗുസ്തീനോസ് ...ദിയായ മഹാന്മാർ പ്രസംഗിച്ചു സ്ഥിരീകരിച്ചിരിക്കുന്നതും ഇതരശാസ്ത്രി ...ളാൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതുമായ ഈ വിഷയത്തെക്കുറിച്ചു നാം ...വർത്തിച്ചു പറയേണ്ടതില്ലല്ലോ.

കിഴക്കേസഭയിൽ സൂര്യസമാനം ശോഭിച്ചുകൊണ്ടിരുന്നവരും കൽ ...യസുറിയാനിക്രമം അനുസരിച്ചിരുന്നവരും ഏതദ്ഭാഷയിൽ അനിതര ...സാധാരണമായ പാണ്ഡിത്യം പ്രാപിച്ചിരുന്ന വേദപാരഗന്മാരുമായ ...ാർ യാക്കോബ്, മാർ അപ്രേം മുതലായ മഹാപിതാക്കന്മാർ എഴുതിയിട്ടുള്ള ...പ്രബന്ധങ്ങൾ രചനാവിശേഷംകൊണ്ടും അർത്ഥഗാംഭീര്യംകൊണ്ടും ആന ...ദപ്രദങ്ങളാണെന്ന് ആ ഭാഷയുടെ സാരസ്യം അറിവാനിടവന്നിട്ടുള്ള എല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാണ്.

മലയാളത്തിലുള്ള കൽദായ സുറിയാനിക്കാരായ ക്രിസ്ത്യാനികൾ ...വൈദികന്മാർ വിശേഷിച്ചും പുരാതനമായി അവർക്കു സിദ്ധിച്ചിട്ടുള്ള ...ഹത്വത്തെ ഗണ്യമാക്കാതെ സ്വന്ത ഭാഷയായ സുറിയാനിയെ അന്യ ...ഷയായും അന്യഭാഷകളായ ലത്തീൻ, ഇംഗ്ലീഷ് മുതലായവയെ സ്വന്ത ഭാഷകളായും വിരുദ്ധവിചാരത്തോടുകൂടെ പഠിച്ചും പരിചയിച്ചും വരു ...ന്നതുകൊണ്ട് അവരെക്കുറിച്ചു നാം ഏററം പരിതപിക്കേണ്ടിയിരിക്കുന്നു.

കൽദായ സുറിയാനിക്കാരായ ആചാര്യന്മാരും വൈദികവിദ്യാർത്ഥി കളും ആ ഭാഷ പഠിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന അജാഗ്രതയും, മൗഢ്യ ...വും പര്യാലോചിക്കുമ്പോൾ ഈ ഭാഷ നാമാവശേഷമായി തീരുമോ എന്നു ...വ്യസനസമേതം പറയാതിരിപ്പാൻ നിവൃത്തിയില്ല.

ലത്തീൻ, ഇംഗ്ലീഷ് മുതലായ ഐറോപ്യഭാഷകൾ പ്രയോജനാർത്ഥം ...അവശ്യം അറിഞ്ഞിരിക്കേണ്ടവയാണെന്നു പറയുന്നതിൽ നാം ഒട്ടും സം

ശയിക്കുന്നില്ല. എങ്കിലും കൽദായ സുറിയാനിക്രമം അനുസരിക്കുന്ന
തോമ്മാ സന്താനികൾക്കു വിശിഷ്യാ വൈദികർക്കു് ഈ ഭാഷാപരി
ജ്ഞാനം ഒഴിച്ചുകൂടാത്ത ധർമ്മാനുഷ്ഠാനമാണെന്നു പറയുവാൻ നമ്മുടെ
മനസ്സാക്ഷിതന്നെ നമ്മെ നിർബന്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ ദിവ്യ
പൂജ, ദൈവശുശ്രൂഷാനമാനങ്ങൾ, കാനോനാജപമാദിയായി അത്യാവശ്യകങ്ങ
ളായിരിക്കുന്ന ദൈവാരാധനക്രമങ്ങളെല്ലാം ഈ ഭാഷയിൽത്തന്നെ നിവ്
ഹിക്കേണ്ടതാകയാൽ അതിലുള്ള പ്രത്യേക പരിജ്ഞാനം അത്യാവശ്യമാ
ണെന്നു് ആരും സമ്മതിക്കാതെ കഴിയുന്നതല്ല. എന്നിരിക്കെ, ലത്തീൻ
ആദിയായ ഐറോപ്യഭാഷകളുടെ പരിജ്ഞാനംകൊണ്ടുമാത്രം തൃപ്തിപ്പെട്ടു
കയും തങ്ങളുടെ സ്വന്തം പൂജാക്രമഭാഷയായ സുറിയാനിയിലുള്ള പാണ്ഡി
ത്യം നിസ്സാരമെന്നോ അനാവശ്യമെന്നോ ഭാവിക്കുകയും ചെയ്യുന്ന തുച്ഛ
ബുദ്ധികളായ ചിലരുടെ അവസ്ഥാഭേദത്തെ ഉദ്ദേശിച്ചു നാം എന്തു പറ
യേണ്ടുവെന്നറിയുന്നില്ല.

കൽദായ സുറിയാനി ഭാഷയുടെ മേല്പറഞ്ഞ ഗുണം നിമിത്തം അന്യ
ഭാഷക്കാരും ഇതര ക്രമാനുസാരികളുമായ യൂറോപ്യരിൽ അനേകം മഹാ
ന്മാർ ഏതദ്ഭാഷാപരിജ്ഞാനം തങ്ങൾക്കു ശ്രേയസ്കരമായ ഒരു ഭൂഷണ
മെന്നറിഞ്ഞു് ആ ഭാഷ അഭ്യസിച്ചു് അതിൽ കീർത്തിപെട്ടവരായി തീരു
ന്നതുമല്ലാതെ അതു് എവിടെയും പ്രബലപ്പെടുവാൻതക്ക പ്രയത്നങ്ങൾ
ചെയ്തുവരുന്നതും നമുക്കു് അനുഭവമാണല്ലോ. യൂറോപ്പിലുള്ള ഫ്റാൻസ്,
ബെൽജിയം, ഇംഗ്ലണ്ടു മുതലായ പ്രധാന സ്ഥലങ്ങളിലും അമേരിക്കയിലും
പലവിധ പുസ്തകങ്ങൾ ഈ ഭാഷയിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നതു
തന്നെ മേൽപറഞ്ഞ സംഗതികൾക്കു ദൃഷ്ടാന്തങ്ങളാകുന്നു.

ചുരുക്കിപ്പറയുന്നതായാൽ കത്തോലിക്കാതിരുസ്സഭയുടെ പ്രധാനാ
ധ്യക്ഷന്മാരായ വിശുദ്ധ പിതാക്കന്മാരിൽ, പതിന്നാലാം ബനദിക്തോസ്,
ഒൻപതാം പീയൂസ്, പതിമ്മൂന്നാം ലെയോൻ ആദിയായ മഹാത്മാക്കൾ
കിഴക്കേ റീത്തുകളുടേയും സുറിയാനി ഭാഷയുടേയും പ്രബലതയെ പ്രദർശി
പ്പിക്കുന്നതിനു പ്രസിദ്ധീകരിച്ചിട്ടുള്ള തിരുവെഴുത്തുകൾ ടി. സംഗതിക്കു
ദൃഷ്ടാന്തങ്ങളാകുന്നു. ഈ സംഗതികളെക്കുറിച്ചു പര്യാലോചിച്ചാൽ നമ്മു
ടെ തിരുക്കർമ്മ ഭാഷയെ അവശ്യം പരിപാലിക്കേണ്ടതു നമ്മുടെ മുറയാ
ണെന്നു സ്പഷ്ടമാകുന്നതാണ്.

ഒരു ഭാഷയുടെ പോഷണത്തിനു പ്രധാനമായ ഉപകരണങ്ങൾ വ്യാ
കരണം, അകാരാദി എന്നിവയാണല്ലോ. എന്നാൽ കേരളീയരായ നമ്മുടെ
ഇടയിൽ സുറിയാനിഭാഷ പഠിക്കുന്നതിനു തക്കതായ ഒരു വ്യാകരണം
ഇല്ലെന്നുകണ്ടു് ആ ന്യൂനത പരിഹരിക്കേണ്ട ഭാരം, സെൻറു തോമ്മസ്

ഹൈസ്ക്കൂളിൽ വൈസ്റെക്ടർ ആയിരുന്ന തൃശ്ശിവപേരൂർ ഇടവക
കുററിക്കാട്ടു ബ. പൗലോസച്ചനെ ഭരമേല്പിക്കയും അദ്ദേഹം പരിഷ്കൃതരീതി
യിൽ സമാഹരിച്ചുണ്ടാക്കിയ ഒരു വ്യാകരണം നമ്മുടെ ചെലവിൽ
1899 – ാം കാലം വരാപ്പുഴ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെ
ടുത്തുകയും ചെയ്തിട്ടുണ്ടു്. രണ്ടാമതായി അകാരാദി ഉണ്ടാക്കുന്നതിനു ടി.
ബ. പൗലോസച്ചനേയും, ഞാറയ്ക്കൽ പള്ളിയിടവകക്കാരനും പ്രൊപ്പഗാ
ന്താസെമ്മിനാരിയിൽ പഠിച്ചവനും നമ്മുടെ സെക്രട്ടറിയുമായിരുന്ന
പുല്ലൻ ബ. ദേവസ്സിയച്ചനേയും ഏല്പിച്ചു. അതി ജാഗ്രതയോടുകൂടെ
നമ്മുടെ അരമനയിൽവച്ചുതന്നെ അവർ അതിൻെറ നക്കൽ എഴുതി
പൂർത്തിയാക്കി. എങ്കിലും സുറിയാനിഭാഷ അച്ചടിക്കുന്നതിനു തക്കതായ
അച്ചുക്കൂടങ്ങൾ ഈ നാടുകളിലില്ലാതിരുന്നതിനാലും ടി. വൈദികരുടെ
അകാലമരണം നിമിത്തവും അച്ചടിച്ചു പുറത്താക്കുന്നതിനു പിന്നെയും
അധികതാമസം വേണ്ടിവന്നു.

അനന്തരം, പാലാ ഇടവകക്കാരനും പുത്തൻപള്ളി സെമ്മിനാരി
യിൽ സുറിയാനി മല്പാനുമായ കളപ്പുരയ്ക്കൽ ബ. അന്ത്രയോസച്ചൻ സുറി
യാനി ഭാഷയെ പോഷിപ്പിക്കുന്നതിനു മാർ തോമ്മാശ്ലീഹായുടെ നാമ
ധേയത്തിൽ സ്വന്തചെലവിന്മേൽ ഒരു അച്ചുക്കൂടം സ്ഥാപിച്ചു നടത്തി
വരുന്നതിനെക്കണ്ടു സന്തോഷിച്ചു്, ടി. നക്കൽ പ്രതിയെ പുനശ്ശോധന
ചെയ്തു് സംസ്കരിച്ചു് അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുവാനുള്ള സകല അ
ധികാരങ്ങളും അദ്ദേഹത്തിനു നാം ഇപ്പോൾ അനുവദിച്ചു കൊടുത്തിരിക്കുന്നു.

ഇപ്രകാരം മലയാളത്തിലെ കൽദായ സുറിയാനിറീത്തുകാരായ വൈ
ദികന്മാർക്കു് ഒട്ടൊഴിയാതെ ആവശ്യപ്പെട്ടതും, ടി. ഭാഷയുടെ പോഷണ
ത്തിനായി നമ്മുടെ വശത്തു് ഇത്രയും ആശയോടെ പ്രയത്നിച്ചും പ്രയ
ത്നിപ്പിച്ചും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുമായ ഈ അകാരാദിയുടെ
പ്രയോജനം ത്രാണിക്കൊത്തപോൽ സ്വീകരിക്കുന്നതിൽ യാവരും പ്രത്യേ
കം വൈദികവിദ്യാർത്ഥികളും ഉത്സാഹികളാകയും അതുവഴി യോഗ്യമാം
വണ്ണം തനതു വൈദികകർമ്മാദികളെ നിവർത്തിപ്പാൻ പ്രാപ്തരാവുകയും
ചെയ്തു്, ഇങ്ങനെ ഇതിങ്കൽ നാം കരുതിയ കുറിമാനമായ ദൈവസ്തുതി
വർദ്ധിപ്പാൻ സംഗതി വരുമെങ്കിൽ ആയതു നമ്മുടെ ഈ അദ്ധ്വാനത്തിനു
ള്ള പ്രതിഫലമായി സമസ്ത ദാനദാതാവായ ദയാപരങ്കൽ നാം പ്രതീ
ക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു. എന്നു്,

തൃശ്ശൂർ നമ്മുടെ അരമന
യിൽനിന്നും,
1906 – ജനുവരി – 4.

ഋ. വി. അപ്പ. മേ. യോ. മെത്രാൻ.
[illegible] ✠
[illegible]

പ്രസ്താവന.

ആധുനികകാലത്ത് ഏററം പ്രചാരമുള്ളതും ജീവസന്ധാരണമാത്സ
ര്യത്തിൽ അത്യാവശ്യകവുമായ ഇംഗ്ലീഷ് ഭാഷയിലും, ഉത്തരോത്തരം
അഭിവൃദ്ധി പ്രാപിച്ചുവരുന്ന നമ്മുടെ മാതൃഭാഷയായ മലയാളത്തിലും,
വളരെ പ്രാചീനവും അനേക ശാസ്ത്രങ്ങളെ അടക്കിക്കൊള്ളുന്നതുമായ
ലത്തീൻഭാഷയിലും വൈദഗ്ധ്യം സമ്പാദിക്കേണ്ടതു് അത്യന്താപേക്ഷിത
മായിരിക്കെ, അനേക ശതവഷങ്ങൾക്കു മുൻപു സജീവമായിരുന്നെങ്കി
ലും ഇപ്പോൾ സാഹിത്യസംബന്ധമായി യാതൊരു ഉൽഗതിയുമില്ലാതെ
നിർജ്ജീവാവസ്ഥയിലിരിക്കുന്ന സുറിയാനിഭാഷയെ പുനർജ്ജീവിപ്പിക്കുന്ന
തിനും അതിൽ പാണ്ഡിത്യം പ്രാപിക്കുന്നതിനുമുള്ള യത്നം സ്തുത്യർഹ
വും അഭിമാനഹേതുകവുമായിട്ടുള്ള ഒന്നോ എന്നുള്ള സംശയം വല്ലവർക്കും
തോന്നിയേക്കാം.

സുറിയാനിക്കാർ ആദിമകാലം മുതൽക്കേ ഈ ഭാഷയെ തങ്ങളുടെ
ദിവ്യകർമ്മാനുഷ്ഠാനമാർഗ്ഗമായി സ്വീകരിച്ചുവരുന്നതിനാൽ ആ റീത്തിലുൾ
പ്പെട്ട വൈദികന്മാക്ക് ഇതു് അവശ്യജ്ഞേയമായിട്ടുള്ളതെന്നു സംശയം
വിനാ സവരും സമ്മതിച്ചേ തീരൂ.

എന്നാൽ ഇതരസമുദായത്തിലുൾപ്പെട്ടവരും അന്യറീത്തുകാരരുമായ
പാരദേശികന്മാർ ഈ ഭാഷയെ പുനരുദ്ധാരണം ചെയ്യുന്നതിനും ഇതിൽ
നൈപുണ്യം സമ്പാദിക്കുന്നതിനും അനവധി ദ്രവ്യവും വളരെ കാലവും
വ്യയം ചെയ്യുന്നതോക്കുമ്പോൾ, മററുള്ള ഭാഷകളെ അപേക്ഷിച്ച് അന്യാ
ദൃശ്യമായ എന്തോ വൈശിഷ്ട്യം ഈ ഭാഷയ്ക്കുണ്ടെന്നു് അനുമാനിക്കാവു
ന്നതാണ്. ഏവംവിധം എല്ലാവരേയും ബലാദാകർഷിക്കത്തക്കവണ്ണം ഈ
ഭാഷയ്ക്കുള്ള വിശിഷ്ടഗുണങ്ങൾ എന്തായിരിക്കണം? സുപ്രധാനമായ ഒരു
വൈശിഷ്ട്യം അതിന്റെ പുരാതനത്വം തന്നെയാണ്. മഹാ ശാസ്ത്രജ്ഞ
നായ സോബെൻസിസ് (*Sobensis*) എന്നയാൾ പറയുംപ്രകാരം:– [Syriac] ...
[Syriac]
"ആദ്യഭാഷ കൽദായ (സുറിയാനി) ഭാഷയാകുന്നു, ഈ ഭാഷയിലാണു ദൈവം
നമ്മുടെ ആദിപിതാവായ ആദത്തിനോടു സംസാരിച്ചതു്." ഈ സംഗതി
എല്ലാവരാലും സംശയരഹിതം സ്വീകരിക്കപ്പെട്ടിട്ടുള്ളതല്ലാത്തതിനാൽ
അതിനെ സാധൂകരിക്കത്തക്ക ന്യായങ്ങളെ ഇവിടെ ഉദ്ധരിച്ചു കാണിക്കാം.
പ്രാചീനതയിൽ പ്രഥമസ്ഥാനത്തിനായി കൽദായ ഭാഷയോടു വാ
ദിക്കുന്നതിന് എബ്രായഭാഷ ഒന്നു മാത്രമാണ് ഇപ്പോൾ ഉള്ളതു്. അതി
നാൽ എബ്രായഭാഷയാണ് ആദിപിതാക്കന്മാരുടെ ഭാഷയെന്നും തന്നിമി

ത്തം അതാണു മററെല്ലാ ഭാഷകളെക്കാൾ പ്രാചീനമായിട്ടുള്ളതെന്നും
പക്ഷാന്തരമുള്ളവരുടെ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നതിന് അവർ
കൊണ്ടുവരുന്ന ന്യായങ്ങളുടെ അസാധുത്വത്തെ പ്രത്യക്ഷീകരിക്കുന്ന
പക്ഷം കൽദായ ഭാഷയുടെ പ്രഥമസ്ഥാനം അവിതർക്കിതമായിത്തീരുന്ന
താണല്ലോ. അവർ പറയുന്നതെന്തെന്നാൽ, ആദ്യഭാഷ അവശബ്ദരഹിത
മായി ഹേബറിന്റെ വംശക്കാരുടെയിടയിൽ സംസാരിച്ചു വരികയും,
അവരിൽനിന്നും അബ്രാഹത്തിനും അയാളുടെ സന്തതികൾക്കും വംശപ
രമ്പരയാ കിട്ടുകയും ചെയ്തു. എബ്രായ എന്നുവച്ചാൽ ഹേബറിന്റെ ഭാഷ
എന്നത്രേ അർത്ഥം." ആദ്യഭാഷ ഹേബറിന്റെ വംശക്കാരുടെയിടയിൽ
സംരക്ഷിക്കപ്പെട്ടുവന്നുവെന്നുള്ളതു വിശ്വാസയോഗ്യമായിരിക്കുന്നുവെങ്കി
ലും, അബ്രാഹത്തിന്റെ അനന്തരഗാമികൾ ഈ ഭാഷതന്നെ സംസാരിച്ചുവ
ന്നിരുന്നുവെന്നും എബ്രായ എന്നപദം ഹേബറിന്റെ നാമത്തിൽനിന്നുത്ഭ
വിച്ചതാണെന്നുമുള്ള അഭിപ്രായം ഒട്ടുംതന്നെ സ്വീകാര്യമായിരിക്കുന്നില്ല.
'എബ്രായ' എന്ന പദോല്പത്തിയെക്കുറിച്ചു വിശ്വവിശ്രുത പൗവ്വദേശീയ
ഭാഷജ്ഞനായ ബർഎബ്രായ (*Barhebreus*) എന്നയാൾ ഇപ്രകാരം പറ
ഞ്ഞിരിക്കുന്നു:– [Syriac]
...... [Syriac]
"ലോകം മുഴുവനിലും ഒരേ ഭാഷതന്നെ സംസാരിച്ചുവന്നിരുന്നു; ചിലർ
വിചാരിച്ചുവരുന്നതുപോലെ ആ ആദിഭാഷ എബ്രായ അല്ല. പിന്നയോ,
കൽദായ ആകുന്നു. എബ്രായ എന്ന വാക്കു ഹേബർ എന്നയാളിന്റെ പേ
രിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതുമല്ല. അബ്രാഹം കൽദായ രാജ്യത്തുനിന്നും
(ܦܪܬ) യൂപ്രട്ടീസ് നദി കടന്നു കനാൻദേശത്തേക്കു പോയതിനാൽ ܥܒܪܝܐ
അക്കരക്കാരൻ എന്ന് അയാൾക്കു പേരു സിദ്ധിക്കയും ܥܒܪ കടന്നു എന്ന
കൽദായ വാക്കിൽനിന്ന് 'എബ്രായ' ܥܒܪܝܐ (അക്കരത്തെ) എന്ന് അയാ
ളുടെ സന്താനങ്ങളുടെ ഭാഷ സാധാരണയായി വിളിക്കപ്പെടുകയും ചെയ്തു.

ഹേബറിന്റെ സന്തതികളായ അബ്രാഹത്തിന്റെ പിതാക്കന്മാർ
കൽദായായിൽ ജനിച്ചു വളർന്നവരും കൽദായക്കാരുടെ കൂട്ടത്തിൽ ജീവി
ച്ചിരുന്നവരും, അവരുടെ സമ്പ്രദായങ്ങളും നടപടികളും എന്നുവേണ്ടാ
അവരുടെ വിഗ്രഹാരാധനകൂടെ സ്വീകരിച്ചുവന്നിരുന്നവരുമാണെന്നും,
അബ്രാഹവും 70 വർഷത്തോളം കൽദായക്കാരുടെ ഊർ (*Ur*) എന്ന നഗരി
യിൽ വസിച്ചതിന്റെ ശേഷമാണ മെസപ്പൊട്ടാമിയായിലേക്കും അവി
ടെനിന്നു കനാൻദേശത്തേക്കും പോയതെന്നും വിശുദ്ധ ലിഖിതത്തിൽ
നിന്നുതന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇങ്ങനെയിരിക്കെ അവർ സംസാ
രിച്ചുവന്നിരുന്ന ഭാഷയും കൽദായതന്നെ ആയിരിക്കാനേ തരമുള്ളു. അതിനാൽ

അബ്രാഹത്തിന്റേയും തന്റെ പിതാക്കന്മാരുടേയും ഭാഷ കൽദായ സുറിയാനി തന്നെ ആയിരുന്നുവെന്നു നിസ്സംശയം അനുമാനിക്കാവുന്നതാണ്.

അബ്രാഹത്തിന്റെ അനന്തരഗാമികളായ എബ്രായക്കാരുടെ ഭാഷ സാക്ഷാൽ കനാൻ ഭാഷയാകുന്നു. എന്തുകൊണ്ടെന്നാൽ കനാൻദേശക്കാരുമായുള്ള അവരുടെ ദീർഘസഹവാസം നിമിത്തം തങ്ങളുടെ പൂർവ്വഭാഷയുമായി ദൃഢബന്ധമുള്ള കനാൻഭാഷയെ അനായാസേന പരിശീലിക്കയും ഇപ്രകാരം കൽദായ ഭാഷയിൽനിന്നു വ്യത്യസ്തമായതും എബ്രായ എന്ന അഭിധാനത്തോടുകൂടിയതുമായ ഒരു ഭാഷ തങ്ങളുടെ സ്വഭാഷയായിത്തീരുകയും ചെയ്തു. പ്രസ്തുതസംഗതി ഇദാനീന്തനന്മാരായ അഭിജ്ഞന്മാരാൽ സർവ്വസാധാരണമായി സ്വീകരിച്ചുവരുന്നതാകയാൽ തത്സംബന്ധമായി ഇതിലധികം പ്രസ്താവിക്കേണ്ടതില്ലല്ലോ.

എബ്രായഭാഷ പ്രാചീനതമമാണെന്നു വാദിക്കുന്ന വേറൊരുപക്ഷക്കാരുടെ അഭിപ്രായം, "കിഴക്കൻഭാഷകൾമാത്രമല്ല സകല ഭാഷകളും എബ്രായഭാഷയിൽ നിന്നാണുത്ഭവിച്ചിട്ടുള്ളത് എന്നാണ്." എബ്രായ, കൽദായ, അറബി, ഫെനീഷ്യൻ മുതലായ ഭാഷകൾ തമ്മിലുള്ള സംബന്ധം കണ്ടിട്ടായിരിക്കാം അവർ ഇപ്രകാരം വാദിക്കുന്നത്. ഈ സാമ്യവും പരസ്പരബന്ധവും ഈ ഭാഷകളെല്ലാം ഒരേ ഭാഷാകുടുംബത്തിൽപ്പെട്ടവയാണെന്നു കാണിക്കുന്നതല്ലാതെ കൽദായ ഭാഷയുടെ പ്രാഥമികത്വത്തെ ദുർബലപ്പെടുത്തുവാൻ തക്കതായിരിക്കുന്നില്ല.

ഒട്ടും അപ്രധാനമല്ലാത്തതായി ഈ ഭാഷയ്ക്കുള്ള വേറൊരു വൈശിഷ്ട്യം അതിന്റെ ലിപികളെ സംബന്ധിച്ചുള്ളതാണ്. ലോകത്തിൽ നാം ഇപ്പോൾക്കാണുന്ന അനേകതരപരിഷ്കാരങ്ങൾക്ക് ആസ്പദമായിരിക്കുന്ന 'ലിപി'കളുടെ ഉപയോഗം കണ്ടുപിടിച്ച ആ മഹോത്തമൻ സർവ്വജനങ്ങളുടേയും ശാശ്വതമായ സ്മരണയ്ക്കും സ്തുതിക്കും അർഹനും, അത് ഏതുഭാഷയിൽ ആദ്യമായി നടപ്പായോ ആ ഭാഷ സകല മനുഷ്യരുടേയും ഗാഢമായ ശ്രദ്ധയ്ക്കു പാത്രീഭവിക്കത്തക്കതുമായിരിക്കുന്നല്ലോ. മനുഷ്യവർഗ്ഗത്തിന്റെ ഔന്നത്യത്തിന് ഏററം ഉപയുക്തമായ ഈ വിദ്യ കണ്ടുപിടിച്ച ആ മഹാനുഭാവന്റെ പേര് എന്തെന്നോ അയാൾ ജീവിച്ചിരുന്ന കാലം ഏതെന്നോ നിസ്സംശയം പറയാൻ നിവൃത്തിയില്ലെങ്കിലും അയാൾ സുറിയാനിവംശജാതനാണെന്നും ലിപികളുടെ ഉപയോഗം ആദ്യമായി നടപ്പായ ഭാഷ കൽദായസുറിയാനി ആണെന്നും കാരണസഹിതം തീർച്ചപ്പെടുത്താവുന്നതാണ്. ഉത്തരദേശീയരും പശ്ചിമരാജ്യക്കാരും റോമ്മാക്കാരിൽനിന്നും, റോമ്മാക്കാർ ഗ്രീക്കുകാരിൽനിന്നു

മാണു ജ്ഞാനസമ്പാദനം ചെയ്തിട്ടുള്ളതെന്നു സർവവിദിതമായിരിക്കയാൽ ലിപികളുടെ ഉപയോഗവും അവരിൽനിന്നുതന്നെയാണ് അഭ്യസിച്ചിട്ടുള്ളതെന്നു യുക്തിപൂർവ്വം സ്ഥാപിക്കാവുന്നതാണ്.

ഈദൃശവിദ്യകളും ശാസ്ത്രങ്ങളും ഗ്രീക്കുകാരുടെ സ്വപ്രയത്നോൽഭൂതഫലങ്ങൾ തന്നെയോ അതോ, അക്കാലത്ത് ഉത്കൃഷ്ടന്മാരായിരുന്ന വേറെ വല്ലവരിലുംനിന്നു സിദ്ധിച്ചിട്ടുള്ളവയോ, സ്വോത്സാഹം വഴിയായി ശ്രേഷ്ഠപദവിയിൽ കൊണ്ടുവരികമാത്രം ചെയ്തിട്ടുള്ളവയോ എന്നൊരു ചോദ്യം ന്യായ്യമായും ഉണ്ടാകാവുന്നതാണ്. ഏതദ്വിഷയത്തെക്കുറിച്ച്, മഹാപണ്ഡിതനായ വൾത്തോനൂസ് (*Waltonus*) എന്നയാൾ പറഞ്ഞിരിക്കുന്നത് ഇവിടെ സ്മരണീയമാണ്. എന്തെന്നാൽ,....................
Omnis aliarum Nationum sapientia ex Chaldaeis originem duxerit, omnesque scientiae ab Oriente in reliquas mundi partes deriventur, ut Latini ex Graecis, aliique ex Chaldaeis, sive Assyriis quod idem sonat, scientias omnes, quas Postea excoluerunt, primo acceperunt; മററുള്ള "എല്ലാ ജാതിക്കാരുടേയും ജ്ഞാനം കൽദായക്കാരിൽ നിന്നാണുത്ഭവിച്ചിട്ടുള്ളത്. എല്ലാ ശാസ്ത്രങ്ങളും കിഴക്കുനിന്നു ലോകത്തിന്റെ മററുഭാഗങ്ങളിലേക്കു പരത്തപ്പെട്ടു. അതായത്, ലത്തീൻകാർക്ക് (റോമ്മാക്കാർക്കു) ഗ്രീക്കുകാരിൽനിന്നും, ഗ്രീക്കുകാർക്കും മററുള്ളവർക്കും കൽദായ അഥവാ അസീരിയാക്കാരിൽനിന്നും തങ്ങൾ പിന്നീടു വർദ്ധിപ്പിച്ചതായ എല്ലാ ശാസ്ത്രങ്ങളും ആദ്യമായി ലഭിച്ചു." എന്നാൽ, 1590 – നും 1500 – നും മദ്ധ്യേ ഗ്രീക്കുരാജ്യത്തിൽ കുടിയേറിപ്പാർത്ത പെവുനിച്ചി എന്നവംശക്കാരിൽനിന്നാണു വരമൊഴിയുടെ ഉപയോഗം യൗനായക്കാർക്കു ലഭിച്ചിട്ടുള്ളതെന്ന് അവരുടെ പൂർവ്വികഗ്രന്ഥങ്ങളിൽനിന്നു വ്യക്തമാവുന്നുണ്ടെങ്കിലും, ഈ വിദ്യ പെവുനിച്ചികളാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതല്ല; എന്തുകൊണ്ടെന്നാൽ, പെവുനിച്ചികളുടെ ചരിത്രങ്ങളിൽ ഈ സംഗതിയെക്കുറിച്ചു യാതൊന്നും പറയുന്നില്ലെന്നു മാത്രമല്ല, കൽദായക്കാരുടെ അയൽവാസികളായ ഇവർ സ്വയാധിപത്യമോ രാജത്വമോ ഇല്ലാതെ വളരെ നികൃഷ്ടാവസ്ഥയിൽ ജീവിച്ചു വന്നിരുന്നവരും, കാലയാപനത്തിനായിത്തന്നെ സദാ പ്രയത്നം ചെയ്യേണ്ട നിലയിൽ ഇരുന്നവരുമായിരുന്നു.

ഇനി സുറിയാനിഭാഷയുടെ പുത്രികളായ കിഴക്കൻഭാഷകൾ വല്ലതിനും ഈ വൈശിഷ്ട്യത്തിന് അർഹതയുണ്ടോ എന്ന് ഒരന്വേഷണത്തിനുകൂടി വകയുണ്ട്.

അർമ്മേനിയൻ ഭാഷയിൽ ലിപികളുടെ പ്രയോഗം നടപ്പാക്കിയതു

ക്രി. മ. 6-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മെസ്രോപ്പ് എന്നായാളാണെന്ന് അവരുടെ പ്രാചീനചരിത്രങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്.

ഇപ്രകാരം ഓരോ കിഴക്കൻഭാഷകളിലും പിൽക്കാലങ്ങളിൽ മാത്രമാണു ലിപികളുടെ ഉപയോഗം പ്രചാരത്തിൽ വന്നിട്ടുള്ളതെന്ന് അതതു ഭാഷകളുടെ ചരിത്രങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

അതിനാൽ ആദിമകാലങ്ങളിൽ കലാവിദ്യകൊണ്ടും ഇതരജ്ഞാനങ്ങൾകൊണ്ടും മററെല്ലാ ജാതിക്കാരേയും അതിശയിച്ചിരുന്നവരായ കൽദായക്കാർതന്നെയാണു ലിപികളുടെ ഉപയോഗം കണ്ടുപിടിച്ചിട്ടുള്ളതെന്നും, മററുള്ള സകല ശാസ്ത്രങ്ങളും അവരിൽനിന്നു ലഭിച്ചിട്ടുള്ളതുപോലെ ഈ വിദ്യയും ഗ്രീക്കുകാർക്കും മററുള്ള ജാതിക്കാർക്കും കൽദായക്കാരിൽനിന്നാണു സിദ്ധിച്ചിട്ടുള്ളതെന്നും സ്പഷ്ടമായിരിക്കുന്നു.

മേൽപ്പറഞ്ഞ വൈശിഷ്ട്യങ്ങൾ എല്ലാററിനും ഉപരിയായി, എന്നുവേണ്ട മററു യാതൊരു ഭാഷയ്ക്കും സിദ്ധിക്കാത്തതും സർവപ്രസിദ്ധവും അനർഘരത്നസമാനം തന്റെ ശിരസ്സിൽ സദാ പ്രശോഭിച്ചുകൊണ്ടിരിക്കുന്നതുമായ വേറൊരു വിശിഷ്ടത ഈ ഭാഷയ്ക്കുണ്ടായിരിക്കുന്നു. എന്തെന്നാൽ, ദൈവം ആദിപിതാവായ ആദത്തിനോടു സംസാരിച്ചതു് ഈ ഭാഷയിലാണെന്നു വിശ്വസിച്ചുപോരുന്നതുകൂടാതെ ലോകരക്ഷാർത്ഥം മർത്ത്യാവതാരംചെയ്ത ഈശോമിശിഹാ വി. കുർബാനയ്ക്കു് ഉപയോഗിച്ചതു് ഈ ഭാഷ തന്നെയാണെന്നുള്ളതു സർവസമ്മതമായിരിക്കുന്നു. ഈ വിശിഷ്ടഗുണത്താൽ അലങ്കരിക്കപ്പെട്ടിരുന്നില്ലെങ്കിൽ മററു പല പുരാതന ഭാഷകളേയുംപോലെതന്നെ ഈ ഭാഷയും കാലാന്തരത്തിൽ നാമാവശേഷമായിത്തീരുവാൻ എളുപ്പമുണ്ടായിരുന്നു. ഈ സംഗതി ആലോചിക്കുമ്പോൾ ഈ ഭാഷ ഈശ്വരദത്തവും പ്രത്യേക ദൈവപരിപാലനയാൽ സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ ഒന്നാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനിയും ഈ ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചു പറയുന്നതിന് ഒട്ടേറെ ഉണ്ടെങ്കിലും, മേൽപ്പറഞ്ഞവയിൽനിന്ന് അതിന്റെ വൈശിഷ്ട്യം ഒരുവിധം വിശദമായിരിക്കുന്നതിനാലും, വിസ്തരഭയത്താലും, അതിന്നായി ഭാവിക്കാതെ ഈ ഭാഗം ഇവിടെ സമാപിച്ചുകൊള്ളുന്നു.

ഇപ്രകാരം നാനാപ്രകാരേണയുള്ള വൈശിഷ്ട്യത്തോടുകൂടിയിരിക്കുന്ന ഈ ഭാഷയുടെനേർക്കു് ഒരു പ്രത്യേകവാത്സല്യവും അഭിമാനവും നിഷ്പക്ഷപാതികളായ ഏവർക്കും ഉണ്ടാകാവുന്നതാണല്ലോ. എന്നാൽ മലയാളത്തിലെ കൽദായ സുറിയാനിസഭ തന്റെ സ്ഥാപകനായ മാർ തോമ്മാശ്ലീഹായുടെ കാലം മുതൽക്കേ ദിവ്യകർമ്മങ്ങൾ ഈ ഭാഷയിൽ

അനുഷ്ഠിച്ചുപോരുന്നതുകൊണ്ടു പൗരോഹിത്യത്തെ ആകാംക്ഷിക്കുന്ന ബാലന്മാർക്കു് ഈ ഭാഷാപരിജ്ഞാനം ഒഴിച്ചുകൂടാത്ത യോഗ്യതകളിൽ ഒന്നായിരിക്കുന്നു. അതിനാൽ ഈ ഭാഷാഭ്യാസത്തിന് അവശ്യം വേണ്ടതായ ഉപകരണങ്ങളുടെ സാഹായ്യവും അവർക്കു സുലഭമായിരിക്കേണ്ടതാണ്. മററെല്ലാവറേറയും അപേക്ഷിച്ച് ഒരു നിഘണ്ടുവും, വ്യാകരണവും എത്രയധികം ആവശ്യമായിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നി. വ. ദിവ്യശ്രീ മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചൻ അവർകളുടെ അതിശ്ലാഘനീയമായ പ്രോത്സാഹനത്താൽ വ്യാകരണത്തിന്റെ ആവശ്യകത ഒരുവിധം നിർവഹിച്ചിട്ടുണ്ടെങ്കിലും നമ്മുടെ വിദ്യാർത്ഥികൾക്കു സുകരവും സുഗമവുമായ ഒരു നിഘണ്ടു ഇതേവരെയും ഈ ഭാഷയിൽ ഉണ്ടായിട്ടില്ല. മുൻപു് ഇവിടെ ഉപയോഗിച്ചുവന്നിരുന്നതു്, "കർസോൻ" എന്നു പറയപ്പെടുന്ന ഹസ്തലിഖിത നിഘണ്ടുക്കൾ ആയിരുന്നല്ലോ. എന്നാൽ ഇപ്പോഴത്തെ കാലാവസ്ഥയനുസരിച്ചു പല ഭാഷകളും ശാസ്ത്രങ്ങളും നമ്മുടെ വൈദികവിദ്യാർത്ഥികൾ അവശ്യം ഗ്രഹിക്കേണ്ടിയിരിക്കുന്നതിനാൽ ഈദൃശ നിഘണ്ടുക്കളെ പകർത്തിയെടുത്തു സംഗ്രഹിക്കയെന്നതു സുസാധമായിരിക്കുന്നില്ല. സുറിയാനിഭാഷയിൽതന്നെ അച്ചടിക്കപ്പെട്ടിട്ടുള്ള നിഘണ്ടുക്കൾ നമ്മുടെ യുവാക്കൾക്കു ദുർഗ്രഹമായിത്തീർന്നിരിക്കുന്നുവെന്നു സ്വപരിചയത്താൽതന്നെ ഞാൻ അറിഞ്ഞിട്ടുമുണ്ട്. ഏതന്മൂലം ഭാഷാപ്രാരംഭക്കാർക്കു സുഗ്രഹമായിരിക്കത്തക്കവണ്ണം ഒരു സുറിയാനി മലയാള നിഘണ്ടു എഴുതുന്നതിനു നിശ്ചയിച്ച് ഏതാനും ഭാഗം എഴുതിത്തീർത്തിരിക്കെയാണു നിതാന്ത വന്ദ്യ ദിവ്യശ്രീ തൃശ്ശിവപേരൂർ വി. അ. മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാനച്ചൻഅവർകൾ, തന്റെ പ്രത്യേകപ്രേരണയാൽ ബ. കുററിക്കാട്ടു പൗലോസച്ചനും, ബ. പുല്ലൻ ദേവസ്സിയച്ചനുംകൂടി രചിച്ചിട്ടുള്ളതും ഈ വന്ദ്യവൈദികന്മാരുടെ അകാലമൃതിമൂലം നക്കൽ പരിശോധിച്ചു തിരുത്തേണ്ടവ തിരുത്തിയും, ചേർക്കേണ്ടവ ചേർത്തും അച്ചടിപ്പിക്കത്തക്ക സ്ഥിതിയിലാക്കീട്ടില്ലാഞ്ഞതുമായ പ്രബന്ധത്തെ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനുള്ള സകല അവകാശങ്ങളോടുംകൂടി സദയം എന്നെ ഏല്പിച്ചതു്.

ഈ നക്കൽ ഞാൻ ശ്രദ്ധാപൂർവ്വം പരിശോധിച്ചതിൽ സാധാരണോപയോഗത്തിൽ ഉള്ളവയും, ശാസ്ത്രസംബന്ധമായി ഇപ്പോൾ നടപ്പുള്ളവയുമായ അനേകം വാക്കുകൾ ഇതിൽ ഇല്ലെന്നു കാണുകയാൽ അവയെചേർത്തിട്ടുള്ളതിനു പുറമേ ഒട്ടേറെ സുറിയാനി തുല്യാർത്ഥപദങ്ങൾ വിശേഷാൽചേർക്കയും, ആവശ്യകരണീയമെന്നു തോന്നിയ ഭേ

ന്ദതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിലേക്ക് എനിക്കു മുഖ്യമായി ഉപകരിച്ചതു്, നി. വ. ദിവ്യശ്രീ മാർ തോമ്മാ അവുദോ മെത്രാപ്പോലീത്താ അവർകളുടെ സുറിയാനി നിഘണ്ടുവാണെങ്കിലും ദിവ്യശ്രീ ബ്രൂൺ അവർകളുടെ സുറിയാനി ലത്തീൻ നിഘണ്ടുവും, കസ്തേലി നിഘണ്ടുവും, മററു പല കർസോൻ അകാരാദികളും എനിക്കുപകരിക്കാതിരുന്നില്ല. എത്രതന്നെ ഞാൻ പരിശ്രമിക്കയും സൂക്ഷിക്കയും ചെയ്തിട്ടുണ്ടായിരുന്നാലും വായനക്കാരൻെറ മുൻപിൽ ഇരിക്കുന്ന ഈ പുസ്തകം എല്ലാംകൊണ്ടും പൂൎണ്ണമായ ഒന്നാണെന്നോ, ഇതിൽ യാതൊരു തെററുമില്ലെന്നോ എനിക്കു വിചാരമില്ല.

മലയാളഭാഷ ഇപ്പോഴും അപൂൎണ്ണസ്ഥിതിയിൽത്തന്നെ ഇരിക്കുന്നതുകൊണ്ടു ശാസ്ത്രസംബന്ധമായ വാക്കുകളുടെ അൎത്ഥം മലയാളത്തിൽ ശരിയായി പറയുന്നതിനു് എനിക്കു് അനല്പമായ പ്രയാസം നേരിടാതിരുന്നില്ല. അതിനാൽ അപൂൎവ്വം ചിലവാക്കുകൾക്കു മലയാളത്തിൽ അൎത്ഥം പറയാതെ ഇംഗ്ലീഷിലോ, ലത്തീനിലോ, സുറിയാനിയിൽത്തന്നെയോ അൎത്ഥം കൊടുക്കേണ്ടതായും വന്നിട്ടുണ്ടു്. കൂടാതെയും മലയാള അൎത്ഥം അത്ര സുഗ്രഹമല്ലെന്നു തോന്നിയ ഇടങ്ങളിൽ ഇംഗ്ലീഷിലോ ലത്തീനിലോ കൂടെ പറഞ്ഞിട്ടുണ്ടു്. നിഘണ്ടുവിൻെറ ആവശ്യകതയെ എത്രയും വേഗത്തിൽ നിവൎത്തിക്കുന്നതിനായി ധൃതിയിൽ അച്ചടി നടത്തിയതിനാൽ ഒട്ടേറെ പിശകുകൾ വന്നുകൂടാതിരുന്നിട്ടില്ല. അവയുടെ ശുദ്ധിപത്രം കടശി ചേൎത്തിട്ടുണ്ടു്.

ഈ പുസ്തകം നമ്മുടെ വൈദികവിദ്യാൎത്ഥികൾക്കു തങ്ങളുടെ തിരുക്കർമ്മഭാഷ നല്ലവണ്ണവും സുലഭമായും പഠിക്കുന്നതിനുപകരിക്കുകയും അതുവഴിയായി ദൈവസ്തുതി വൎദ്ധിക്കുകയും ചെയ്യുമെങ്കിൽ അതുതന്നെ എൻെറ സകല പ്രയത്നങ്ങൾക്കും ധാരാളമായ പ്രതിഫലമായി ഞാൻ കരുതിയിരിക്കുന്നു.

കടശിയായി അച്ചടി നടത്തുകയിൽ പ്രൂഫ് വായിക്കുന്നതിലും മററുമുള്ള എല്ലാസംഗതികളിലും സസന്തോഷം എന്നെ സഹായിച്ച നെടുങ്കല്ലേൽ ബ. തോമ്മാച്ചൻേറയും, പ്രൂഫ് നോക്കുന്നതിൽ സന്മനസ്സോടേ എന്നെ ആദരിച്ച മാളിയേക്കൽ ബ. മത്തായിശമ്മാശൻേറയും നേരേ ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു.

പുത്തൻപള്ളിസെമ്മിനാരി,
1907 – ജൂൺ – 3.

പ്രകാശകൻ,
ക. അ. ക.

രണ്ടാം പതിപ്പിൻെറ കാര്യം

പുത്തൻപള്ളി സെമ്മിനാരിയിലേ സുറിയാനി മല്പാൻ എന്നു സുപ്രസിദ്ധനായിത്തീൎന്നിട്ടുള്ള പെ. ബ. അന്ത്രയോസച്ചൻ അവർകളുടെ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി ആവിൎഭവിച്ചിട്ടുള്ള സുറിയാനി ഗ്രന്ഥങ്ങളിൽ അതിപ്രധാനമായ ഒന്നാണു്, "സുറിയാനി മലയാള നിഘണ്ടു." 1906 – ൽ പ്രസാധനം ചെയ്യപ്പെട്ട പ്രസ്തുത പുസ്തകത്തിൻെറ പ്രതികൾ എല്ലാം വിററു തീൎന്നിട്ടു വൎഷം പത്തു കഴിഞ്ഞു. ഇതിൻെറ ഒരു പുനഃപ്രസിദ്ധീകരണത്തിനായി അന്നുമുതൽ ശ്രമിച്ചു തുടങ്ങിയതിൻെറ ഫലമാണു് ഇന്നു സജ്ജനസമക്ഷം അവതരിപ്പിക്കുന്ന ഈ പുസ്തകം. പെ. ബ. മല്പാനച്ചൻെറ നിഘണ്ടു അതേവിധത്തിൽ വീണ്ടും മുദ്രണം ചെയ്യുകയെന്നതു് എളുപ്പമായിരുന്നു. എന്നാൽ, പഠിതാക്കളുടെ സൗകര്യത്തേയും പ്രായോഗിക സൗഗമ്യത്തേയും ഉദ്ദേശിച്ചു് അതിൽ പല മാററങ്ങളും വരുത്തേണ്ടതായിവന്നു. വാക്കുകളുടെ ക്രമം ഈ പതിപ്പിൽ പല സ്ഥലങ്ങളിലും വ്യത്യാസപ്പെട്ടുകാണുന്നതിൻെറ കാരണം ഇതാണു്. പുതിയ വാക്കുകളും കൂടുതൽ അൎത്ഥങ്ങളും ശൈലികളും ചേൎത്തു കഴിയുംവിധം വിപുലമാക്കിയെന്നുള്ളതാണു മൂലത്തെ അപേക്ഷിച്ചു് ഇതിനുള്ള വേറൊരു വ്യത്യാസം. എൻെറ ഈ ശ്രമം എത്രമാത്രം സഫലമായിട്ടുണ്ടെന്നു മഹാജനങ്ങൾ വിധിക്കട്ടെ. ശൈലികളും വാക്കുകളും സ്വീകരിക്കുന്നതിൽ 'പെയിൻസ്മിത്തു്' ഓക്സ്ഫോർഡിൽ നിന്നു പ്രസിദ്ധംചെയ്തിട്ടുള്ള സുറിയാനി ഇംഗ്ലീഷ്, സുറിയാനി ലത്തീൻ നിഘണ്ടുക്കളെയാണു ഞാൻ പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്.

നിഘണ്ടുനോക്കി വാക്കുകൾ കണ്ടുപിടിക്കേണ്ടതു് എങ്ങനെയെന്നുള്ളതിനേക്കുറിച്ചു് അല്പം പ്രസ്താവിക്കുന്നതു സംഗതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഒരു ധാതുവിൽ നിന്നുത്ഭവിച്ചിട്ടുള്ള ക്രിയകളും, നാമങ്ങളും, വിശേഷണങ്ങളും ആ ധാതുവിനോടു ചേൎത്തുതന്നെയാണു കൊടുത്തിരിക്കുന്നതു്. ഉദാ:– ܫܠܡ ധാതുവിൽ നിന്നുണ്ടാകുന്ന ܫܠܡܐ ܫܠܡܘܬܐ . ܡܫܠܡܢܘܬܐ . ܡܫܠܡܢܐ . ܡܫܠܡܐ . ܫܠܡܐ . ܫܠܝܡܐ . ܡܫܬܠܡܢܐ . ܡܫܬܠܡܢܘܬܐ എന്നിത്യാദി വാക്കുകൾ എല്ലാം ܫܠܡ ൻെറ താഴെത്തന്നെ ചേൎത്തിരിക്കുന്നു. എന്നാൽ ܡܫܬܠܡܢܐ എന്ന വാക്കു ܫܠܡ ൽ നിന്നു പുറപ്പെടുന്നതാണെന്നു മനസ്സിലാക്കാൻ വിഷമമുള്ളതുകൊണ്ടു പ്രസ്തുതവാക്കു് 'ܡ' ൽ അതു വരേണ്ട സ്ഥാനത്തു ചേൎത്തിട്ടുണ്ടു്. *See under* ܫܠܡ എന്നു നിൎദ്ദേശം നല്കിയിരിക്കുന്നു.

(കൎമ്മ):– ഒരു കൎമ്മണിക്രിയയോടുചേൎന്നു്, വലയങ്ങൾക്കുള്ളിൽ "കൎമ്മ" എന്നുകണ്ടാൽ ആ കൎമ്മണിക്രിയയ്ക്കു് അതിൻെറ കാരകത്തിലുള്ള

കൎമ്മണിയാക്കണമെന്നാണൎത്ഥം.
അൎത്ഥങ്ങളെല്ലാം കൎമ്മണിയാക്കണമെന്നാണൎത്ഥം ക്രിയകളിൽ നിന്നുത്ഭവിക്കുന്ന ക്രിയകൾ
'ꠍ' കൊണ്ടാരംഭിക്കുന്ന ക്രിയകളിൽ നിന്നുത്ഭവിക്കുന്ന ക്രിയകൾ
'ꠍ' കൊണ്ടാരംഭിക്കുന്ന ക്രിയകൾക്കും വിശേഷണങ്ങൾക്കും പലപ്പോഴും ഈ 'ꠍ' ഇല്ലാതി
ക്കും, നാമങ്ങൾക്കും, വിശേഷണങ്ങൾക്കും പലപ്പോഴും ഈ 'ꠍ' ഇല്ലാതി
രിക്കുമെന്ന കാരണത്താൽ ഇത്തരം വാക്കുകൾ കണ്ടുപിടിക്കാനുള്ള
വിഷമം കുറയ്ക്കുവാൻവേണ്ടി മുമ്പു പറഞ്ഞതുപോലെ വാക്കു ന്യായമായി
വരേണ്ട സ്ഥാനത്തു ചേർത്തിട്ട്, ഇന്നവാക്കിനു താഴെ നോക്കുക എന്നു
നിർദ്ദേശം നല്കിയിട്ടുണ്ട്. ഉദാ:- ഫട്ട എന്ന ധാതുവിൽ നിന്നുത്ഭവി
ക്കുന്ന ꠍഫട്ടാ, ꠍഫട്ടാ ആദിയായവ ഫട്ട എന്നതിന്റെ താഴെ ചേ
ർത്തിരിക്കുന്നെങ്കിലും 'ꠍ' ൽ അതു യഥാസ്ഥാനത്തു ചേർത്തുകൊണ്ട്
See under ഫട്ട എന്നു കാണിച്ചിട്ടുണ്ട്.

'ꠍ' ചേർത്തുണ്ടാക്കിയ തദ്ധിതക്രിയകളുടെ കൎമ്മണി ഭവിഷ്യത്തിൽ
മൂന്നു 'ꠍ' ഒരുമിച്ചുവരുമ്പോൾ ഒന്നു് ഉപേക്ഷിക്കുക പതിവാണെന്നുള്ള
തും അനുവാചകന്മാർ പ്രത്യേകം സ്മരിക്കേണ്ടതാണ്. ഉദാ:- ꠍഫട്ട,
ഫട്ടꠍꠍ, ഫട്ടꠍꠍ, ഫട്ടꠍꠍ. ഇതുപോലെതന്നെ സീൽകാരലിപികൾ
എന്നറിയപ്പെടുന്ന 'ꠍ, ꠍ' എന്നീ അക്ഷരങ്ങളിൽ ആരംഭിക്കുന്ന ക്രിയ
കളെ കർമ്മണിയാക്കുമ്പോൾ കൎമ്മണി പ്രത്യയത്തിലെ 'ꠍ' സ്ഥാനം
മാറുന്നതും 'ꠍ, ꠍ' കൊണ്ടാരംഭിക്കുന്നവയിൽ "ꠍ" സ്ഥാനം മാറുന്നതി
നു പുറമേ, "ꠍ, ꠍ" എന്നു യഥാക്രമം രൂപാന്തരപ്പെടുന്ന കാര്യവും
വാക്കുനോക്കുന്നവർ പ്രത്യേകം ഓർത്തുകൊള്ളണം.

"ꠍ, ꠍ" എന്നിവപോലുള്ള ക്രിയകൾക്കു മദ്ധ്യത്തിൽ ഒരു "ꠍ"
ഉണ്ടായിരുന്നുവെന്ന സങ്കല്പത്താൽ ഇത്തരം ക്രിയകൾ, "ꠍ" രണ്ടാം
അക്ഷരമായി വരുന്ന വാക്കുകളുടെ സ്ഥാനത്താണു ചേർക്കുക പതിവ്.
ആ പതിവനുസരിച്ചുതന്നെ ഇതിലും ചേർത്തിരിക്കുന്നു എന്നുള്ളതു
സ്മൎത്തവ്യമത്രേ.

ധാതു കണ്ടുപിടിക്കുവാൻ വിഷമമുള്ളതും യഥാസ്ഥാനങ്ങളിൽ
ചേർക്കുവാൻ വിട്ടുപോയതുമായ വാക്കുകൾ അവസാനത്തിൽ അനുബന്ധ
മായിട്ടു ചേർത്തിട്ടുണ്ടെന്നുള്ളതു വിദ്യാൎത്ഥികൾക്കു് ആശ്വാസദായകമാ
യിരിക്കുമല്ലോ.

ഈ പുസ്തകം സംബന്ധിച്ച് എനിക്കുള്ള ഒന്നാമത്തേ കടപ്പാട്
പെ. ബ. അന്ത്രയോസച്ചൻ അവർകളോടാണ്. അദ്ദേഹം ഇതിന്റെ
പ്രസിദ്ധീകരണത്തിൽ എന്നെ ധാരാളമായി പ്രോത്സാഹിപ്പിച്ചതിനു
പുറമേ, വേണ്ട തിരുത്തലുകളും മാററങ്ങളും വരുത്തി അച്ചടിപ്പിച്ചു
പ്രസിദ്ധംചെയ്യുവാനുള്ള പൂൎണ്ണാവകാശം എനിക്കു സസന്തോഷം നല്
കുകയും ചെയ്തു. ആകയാൽ, അദ്ദേഹത്തിന്റെ നേർക്കു് എനിക്കുള്ള

നിസ്സീമമായ കടപ്പാടിനെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.
ഞാൻ മാന്നാനം ഹൈസ്കൂളിലെ രണ്ടാം ഫാറത്തിൽ ഒരു വിദ്യാ
ൎത്ഥിയായിരുന്ന കാലത്തു സുറിയാനിപഠിക്കുവാൻ ഒരു കൗതുകം തോ
ന്നി. എന്റെ ഈ കൗതുകത്തെ പുലൎത്തത്തക്കവണ്ണം സുറിയാനി അക്ഷ
രമാലയും, ഒന്നാം പാഠപുസ്തകവും പഠിപ്പിച്ച് എന്റെ ആദ്യമല്പാനായി
ത്തീൎന്നതും, ഭാഗ്യസ്മരണാൎഹനും, വാഴക്കുളം സ്വദേശിയുമായ
ക. നി. മൂ. സ. ഫാദർ ലൂക്കാസ് തറയിൽ അവർകളെ കൃതജ്ഞതാ
പൂർവ്വം സ്മരിക്കയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യവിശ്രാന്തി
പ്രാർത്ഥിക്കയും ചെയ്യുവാൻ ഇത്തരുണത്തിൽ എനിക്കു വളരെ സന്തോ
ഷമുണ്ട്.

ഇനിയും എന്റെ കൃതജ്ഞതയെ അൎഹിക്കുന്നത് എന്റെ സഹ
പ്രവർത്തകന്മാരും സഹവാസികളുമായ റവ. ഫാ. ഗീവറുഗീസ് പുത്തൻ
പുര, വിദ്വാൻ റവ. ഫാ. ജോൺ കുന്നപ്പിള്ളി എന്ന മഹാമനസ്കന്മാ
രാണ്. ഈ നിഘണ്ടുവിന്റെ പ്രൂഫ് വായിക്കുന്നതിലും, ഭാഷാസംബ
ന്ധമായ നിർദ്ദേശങ്ങൾ നല്കുന്നതിലും ഇവർ ഇരുവരും പ്രദൎശിപ്പി
ച്ചിട്ടുള്ള ഔത്സുക്യത്തിനും സന്നദ്ധതയ്ക്കുമായി ഞാൻ ഇവരോടു വളരെ
കടപ്പെട്ടിരിക്കുന്നു എന്ന വസ്തുതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.
അവസാനമായി സുറിയാനി ഭാഷാഭിജ്ഞന്മാരായ എല്ലാവരുടേയും
അനുഗ്രഹാശിസ്സുകൾ അഭ്യൎത്ഥിച്ചുകൊണ്ട് ഇതാ ഈ പരിഷ്കരിച്ച
നിഘണ്ടുവിനെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മത്തായി ക. വടക്കേൽ

മംഗലപ്പുഴസെമ്മിനാരി,
1940 – ജൂലൈ – 3.

സംക്ഷിപ്ത പദങ്ങളുടെ വ്യാഖ്യാനം.

അറ -	അറബിഭാഷ.	നാ. ക്രി -	നാമത്തിൽ നിന്നു് ഉത്ഭവിച്ച ക്രിയ.
അമ്മേ -	അമ്മേറിയൻഭാഷ.	നോ -	നോക്കുക.
ഉ. ഇ -	ഉപയോഗം ഇല്ല.	പ. സു -	പഴയ സുറിയാനി.
ഉപ -	ഉപസർഗ്ഗം.	പു -	പുല്ലിംഗം.
എത്തി -	എത്യോപ്യൻ ഭാഷ.	പു. സു -	പുതിയ സുറിയാനി.
ഏ -	ഏകവചനം.	പേ -	പേഴ്സ്യൻഭാഷ.
ഒ. നോ -	ഒത്തു നോക്കുക.	പ്ര. നാ -	പ്രതിനാമം.
ഔ. നി -	ഔദ്യോഗികനിഘണ്ടു	ബ -	ബഹുവചനം.
കർമ്മ -	കർമ്മണിക്രിയ.	ബ. മാ -	ബഹുവചനം മാത്രം.
കർമ്മ. നാ-	കർമ്മണ്യർത്ഥനാമം.	ഭാ -	ഭാവികാലം.
കൽ -	കൽദായഭാഷ.	ഭൂ -	ഭൂതകാലം.
ക്രി -	ക്രിയ.	മൂ. ക്രി -	മൂലക്രിയ.
ഗ. നാ -	ഗണനാമം.	രൂ -	രൂപകാർത്ഥം.
ഗു. നാ -	ഗുണനാമം.	ല -	ലത്തീൻഭാഷ.
ഗ്ര. ശാ -	ഗ്രഹശാസ്ത്രം.	ലോ -	ലോപം.
ഗ്രീ -	ഗ്രീക്കഭാഷ.	വി -	വിഭക്തി, വിശേഷണം.
ടി. -	ടി. അർത്ഥങ്ങൾ.	വൈദ്യ-	വൈദ്യശാസ്ത്രം.
തർ -	തർക്കുട്ടഭാഷ.	വ്യാ -	വ്യാകരണം.
തുക്കി -	തുക്കിഭാഷ.	ശ. ക -	ശബ്ദകർമ്മണി.
പിലി -	പിലിംഗം.	സക -	സകർമ്മകക്രിയ.
ധാ -	ധാതു.	സ്ത്രീ -	സ്ത്രീലിംഗം.
നാ -	നാമം.		
ഹീ -	ഹീബ്രു ഭാഷ.		
എ. എബ്രാ-	എബ്രായ.		

ܐܠܦ

ܐ. (സ്ത്രീ) സുറിയാനി അക്ഷരമാലയിലെ ആദ്യത്തെ അക്ഷരം; ܐ *or* ܐ̄ - 1; ܐ *or* ܐ - 1000; ܐ - 10000; ܐ - 10000000 എന്നാൽ ഇതിൽ ഏതിൻെറയെങ്കിലും മുൻ ഒരു ? എന്ന അക്ഷരം ചേർത്താൽ, അതു ക്രമസംഖ്യയായി ഭവിക്കും. ദൃഷ്ടാ: [illegible] ഒന്നാമത്തെ. പദാരംഭത്തിൽ പുള്ളിയില്ലാത്തപ്പോൾ ശബ്ദിക്കയില്ല. ഇത്തരം പദം സമാസിക്കുമ്പോൾ ܐ. പോകുന്നു. [illegible]

[illegible] ഗ്രീ. പരിശുദ്ധൻ. ദൈവം.

[illegible] ഏഷ്യാമൈനറിലെ ഒരുഭാഷ.

[illegible] ഗ്രീ. നാ: വി: കാലത്തിന്നു മുമ്പുമൂത്ത. കാലത്തിന്നുമുമ്പു പാകംവന്ന.

[illegible] ഗ്രീ. നാ: വി: അദൃശ്യൻ.

[illegible] _ [illegible] ഗ്രീ നാ: അപകപത. കാലത്തിന്നു മുമ്പുളള മൂപ്പു്.

[illegible] ചെറിയ പുസ്തകം, കൈപ്പുസ്തകം.

[illegible] _ [illegible] ഗ്രീ. നാ: രാജാളി.

[illegible] ഗ്രീ. നാ: വി: രാജാളിക്കടുത്ത.

[illegible] ഗ്രീ. ക്രി: വി: സദാ, നിത്യം.

[illegible] ഗ്രീ. രാത്രിയിൽ പാടുന്ന ഒരു തരം പക്ഷി.

[illegible] _ [illegible] ഗ്രീ. നാ: വി: ദർശിക്കുന്ന, കാണുന്ന.

[illegible] ഗ്രീ. നാ:വി: മധുരമില്ലാത്ത.

[illegible] ഗ്രീ. നാ: വി: [illegible] വിരൂപൻ, വികൃതാകാരൻ, പ്രാകൃതൻ.

[illegible] ഗ്രീ. പുത്രൻ, മിക്കവാറും ദൈവപുത്രനെ മാത്രം കാണിക്കുന്നു.

[illegible] ഒരുതരം പുല്ലു്, കാട്ടുവെങ്കായം.

[illegible] ഗ്രീ. [illegible] സൂക്ഷ്മനോട്ടങ്ങൾ. ഒരു പച്ചമരുന്നു്.

[illegible] ഗ്രീ. ദിലി: (ബ. [illegible]) വായുമണ്ഡലം, ഇടവിതാനം, വായു, കാററു്.

[illegible] _ [illegible] _ [illegible] നാ: വി: വായുമണ്ഡലം സംബന്ധിച്ച, ഇടവിതാനത്തിന്നടുത്ത, ആകാശസംബന്ധമായ, വായുമയമായ, പറന്നുപോകുന്ന.

[illegible] വായുമണ്ഡലാവസ്ഥ, ഇടവിതാന സ്ഥിതി.

[illegible] ഗ്രീ. മനസ്സാലെ അർപ്പിച്ച ദാനം, ബലി.

[illegible] _ [illegible] ഗ്രീ. സ്ത്രീ. അന്ധകാരം, അസ്പഷ്ടത.

[illegible] പു. ചിങ്ങമാസം, ആഗസ്ററു്.

[illegible] പു. (ബ. [illegible]) പല്ലി, [illegible] നോ.

[illegible] (ബ: [illegible]) ബാവാ, ഗുരു.

[illegible] (ബ. [illegible] _ [illegible]) അപ്പൻ. പിതാവു്, ജനകൻ, സ്ഥാപകൻ; [illegible] [illegible] എന്നു പെരുക്കം. [illegible] [illegible] സൂര്യൻ, ദൈവം.

[illegible]. ([illegible]) അപ്പനാക്കി, പിതാവാക്കി.

[illegible], ([illegible]) അപ്പനാക്കപ്പെട്ടു,

പിതാവാക്കപ്പെട്ടു.
[illegible] ([illegible]) ശ. ക. പിതാവായി.
[illegible] . [illegible] പിതൃസ്ഥാനം, പിതൃത്വം.
[illegible] . [illegible] നാ: വി: പിതാവിന്നടുത്ത, പൈതൃക.
[illegible] മാദ്ധ്യസ്ഥം, സംരക്ഷണം.
[illegible] ന. ഉപരാജൻ, പ്രഭു.
[illegible] ക്രി. വി. അപ്പനടുത്ത പ്രകാരത്തിൽ, പൈതൃകമുറയ്ക്കു്, പിതൃധമ്മത്തിന്നൊത്ത വിധത്തിൽ.
[illegible] . [illegible] പു. (ബ. [illegible] – [illegible]) കായ്, കനി, ഫലം, കിഴങ്ങ്. [illegible] ഫലവൃക്ഷങ്ങൾ.
[illegible] . [illegible] പുഷ്പമുണ്ടാകി.
[illegible] . [illegible] മനസ്സുണ്ടായി, അഗ്രഹിച്ചു.
[illegible] പു. പ്രവേശനം.
[illegible] പു. അന്വേഷണം, പരിശോധന. [illegible]
[illegible] പിതൃവഴി, അപ്പന്റെ കരിന്തല.
[illegible] വൃദ്ധൻ, കിഴവൻ.
[illegible] (അമ്മേ) നാ. വി. മൂടന്തുള്ള, മുടന്തൻ, ഞൊണ്ടുകാലൻ. [illegible]
[illegible] ഉറഹായി എന്ന രാജ്യത്തിലെ ഒരു രാജാവിന്റെ പേര്.
[illegible] മുടന്തു്. [illegible]
[illegible] ([illegible]) നശിച്ചു, നഷ്ടം ഭവിച്ചു, കാണാതെപോയി.
[illegible] [illegible] നിങ്ങൾ അശേഷം നശിക്കും.
[illegible] [illegible] ചഞ്ചല മാനസൻ, അശ്രദ്ധൻ.
[illegible] [illegible] പുറത്തായി, കുറവുള്ളതായി.

[illegible] സ. ക്രി. നശിപ്പിച്ചു, നഷ്ടപ്പെടുത്തി, ഹനിച്ചു, സംഹരിച്ചു, ദുർവ്യയംചെയ്തു, ഒടിച്ചുകളഞ്ഞു, ഉപേക്ഷിച്ചു, കളഞ്ഞു. [illegible] സഹിതം, പുറന്തള്ളി. [illegible] . [illegible] . [illegible]
[illegible] നാശം, വിനാശം, നഷ്ടം, ക്ഷയം, നാശസ്ഥലം, വിനാശസ്ഥാനം. [illegible] [illegible] നാശത്തിന്റെ അഥവാ ക്ഷയത്തിന്റെ വീട്. ശവക്കല്ലറ. [illegible] [illegible] വിനാശ പുത്രൻ, അന്തിക്രിസ്തു.
[illegible] നാശമുള്ള, നാശത്തിന്നടുത്ത.
[illegible] – [illegible] നാശം, വിനാശം, പ്രാണനാശം.
[illegible] . [illegible] . [illegible] സ്ത്രീ. കാണാതെപോയ വസ്തു, നാശം, ചേതം.
[illegible] . [illegible] നശിച്ച, കാണാതെപോയ. കീത്തി, ധൈര്യം ഇത്യാദി ഇല്ലാതെ ആയ.
[illegible] നാശം, വിനാശം, നഷ്ടം, കാണാതെപോകൽ, രാഹിത്യം.
[illegible] നശിപ്പിക്കുന്ന, നാശകര, നശികര.
[illegible] നശീകരണം, നശിപ്പിച്ചു കളയൽ, കൈവിട്ടു കളയൽ, മുടിവു്.
[illegible] ഗ്രീ. [illegible] അശ്വവട്ടം.
[illegible] പാഴാക്കുന്നവൻ.
[illegible] കടപ്പനി.
[illegible] എഴുപത്തുരണ്ടു ശിഷ്യന്മാരുടെ ഗണം.
[illegible] : [illegible] (സാധാരണ [illegible] മുൻ വരും) [illegible]. പോലെ; തുടരെ, [illegible]

. [illegible] നിങ്ങളിരുവരേയും ഒരുപോലെ ഞാൻ സ്നേഹിക്കുന്നു.
[illegible] [illegible] കുട്ടികളെപ്പോലെ.
[illegible] അവനെപ്പോലെ.
[illegible] മന്ത്രവാദി, ക്ഷുദ്രപ്രയോഗി.
[illegible] നിഗ്ഗതി, ദാരിദ്ര്യം.
[illegible] കൊഴവു്.
[illegible] പു. (ബ. [illegible]) ഓടക്കുഴൽ, കുഴൽ, ഒരു വാദ്യക്കുരു, ഞാങ്ങണ, ചെറുതോടു്.
[illegible] സ്ത്രീ. [illegible] ഞാങ്ങണ.
[illegible] ഗ്രീ. [illegible] വെളിപാടു്, വിവരണം, പ്രകാശനം, വ്യക്തീകരണം.
[illegible] . [illegible] കൽ. പു. മണ്ഡപം, പൂമുഖം, മുഖപ്പു്, കട്ടളപ്പടി, വാതിൽ, കോട്ടവാതിൽ, (അറ,) ഒട്ടകങ്ങളുടെ കൂട്ടം.
. [illegible] . [illegible] . [illegible] . [illegible]
. [illegible] പു. ഏകദേശം ഒമ്പതു കാശു വിലയുള്ള ഒരു നാണയം, [illegible] [illegible] . [illegible] [illegible] ചിഹ്നം, ഓസ്സി.
[illegible] വിറകുകെട്ടു്.
[illegible] പുണ്ണു്, വ്രണം, പരു.
[illegible] ശിരസ്സിലെ അലങ്കാരം.
[illegible] പു. (ബ. [illegible]) കലപ്പേരു്, കൊഴുവേൽ പറവുന്ന മണ്ണു കളയുന്നതിനുള്ള കരു, ഓവു്, വെള്ളക്കുഴൽ, പാത്തി.
[illegible] (ബ. [illegible]) തോടു്, ചാലു്, ഉഴവുചാൽ.
[illegible] പു. ന. (ബ. [illegible]) വിചാരം, അഭിപ്രായം, പാരമ്പര്യം.
[illegible] കരിക്കൂട്ടം, കരി, പാചകം.

[illegible] . [illegible] അസ്ഥി ഉരുക്കം.
[illegible] തിരുമുൽക്കാഴ്ച, ഹോമബലി.
[illegible] പു. കയ്യെഴുത്തു്; ജലചക്രം; പുസ്തകം, ഗ്രന്ഥം, ചുരുൾപ്പുസ്തകം, വിത്തു വിതയ്ക്കുന്നവൻ, കൃഷികൻ, ഉഴവു ചെയ്യുന്നവൻ, നെയ്ത്തുതടി, കലപ്പ, ഞവരി, പല്ലിത്തടി, ചുട്ടുകോൽ, വിതകാലം, ഉറക്കൊഴിച്ചിൽ.
[illegible] കുളം, തടാകം.
[illegible] വെള്ളരിക്കാ.
[illegible] നിർഭാഗ്യൻ, ദരിദ്രൻ.
[illegible] . [illegible] കോഴിപ്പൂവൻ, ഇരുചൂട്ടുകളുള്ള പൂവൻ, കുട്ടമ്മി.
[illegible] . [illegible] (കോഴിപ്പൂവനേപ്പോലെ) നിഗളത്തോടും ഡംഭോടും കൂടെ നടന്നു.
[illegible] (ഭാ. [illegible]) അനുഭവകാലം മാത്രം) ദുഃഖിച്ചു, പ്രലപിച്ചു, വിലപിച്ചു, കരഞ്ഞു. [illegible]
[illegible] ശ. ക. ടി. [illegible]
[illegible] . [illegible] ദുഃഖം, പ്രലാപം, വിലാപം, സങ്കടം, അവലാധി, നിർഭാഗ്യം.
[illegible] ദുഃഖമുള്ള, സങ്കടമുള്ള, മനഃപീഡയുള്ള, ന. വനവാസി
[illegible] ദുഃഖമുള്ള, സങ്കടമുള്ള, വിലാപത്തിന്നടുത്ത.
[illegible] (. [illegible]) സ്ത്രീ. ഒട്ടകക്കൂട്ടം, കൂട്ടം, ഗണം. [illegible]
[illegible] ഒട്ടകങ്ങളുടെ ഇടയൻ. [illegible] .
[illegible] . [illegible] അ. [illegible] [illegible]
[illegible]
[illegible]
[illegible]
[illegible]

. [illegible]

[illegible] സ്ത്രീ. (ബ. [illegible]) ഊട്ടുമുറി, ഭോജനശാല, തട്ട്, മാളിക, കോട്ട. [illegible]

[illegible] ഗ്രീ. ഭ്രാന്തൻ.

[illegible] പു. പുസ്തകങ്ങളിൽ ഉപയോഗിക്കപ്പെടുന്ന അടയാളം. ß. *

[illegible] സ്ത്രീ. കുഴൽ.

[illegible] ഹി. പു. കല്ല്, ശില, കൽക്കൂട്ടം, കൽക്കൂമ്പാരം, അടയാളം, ചിഹ്നം.

[illegible] ഉരപ്പിന്റെ കല്ല്. [illegible] നാഴികക്കല്ല്, നാഴികമണി.

[illegible] ഗ്രീ. ഒരുതരം വൃക്ഷം, കരിന്തകാളി, കോവിദാരം, മന്ദാരം, കരിമരുത്.

[illegible] ഗ്രീ. മഠാധിപൻ, സന്യാസി, വനവാസി. [illegible] പുൽക്കൂട്ട്.

[illegible] ഒരുതരം ചൊറി, ഒരുവക കുഷ്ഠരോഗം, വിസർപ്പം.

[illegible] ഏഴ ഭാഷകളടങ്ങിയ ഒരു നിഘണ്ടുവിന്റെ പേര്.

[illegible] പു. ധൂളി, പൊടി, മണൽ. [illegible] പറന്ന. ശക്തനായി.

[illegible] പു. ചിറക്, ഉവൽ, വെള്ളീയം [illegible] മറാഷ്യന്റെ ഭുജങ്ങൾ.

[illegible] പു. കാരീയം, സീസം, സീസപത്രകം, വേഴം, ഞാങ്ങണ.

[illegible] ഈയത്തിന്നടുത്ത.

[illegible] പു. ഗ്രീ. കറകളഞ്ഞ പൊന്ന്, മാറേറ്റ പൊന്ന്.

[illegible] ഗ്രീ. ക്രുവ. [illegible] ഭംഗിയുള്ള വസ്തു.

[illegible] പു. അരബി. പ്രസംഗി, വാക്സാമർത്ഥ്യമുള്ളവൻ, വെള്ളം വെയ്ക്കുന്ന പാത്രം. [illegible]

[illegible] പു. മുൾച്ചെടി, മുള്ളിന്റെ ഇലകൾ, ക്രൂർമുള്ള്. [illegible]

[illegible] സ്ത്രീ. ഒട്ടല്, വേഴം, ഞാങ്ങണ, പോട്ടപ്പുല്ല്, പവിർ എന്ന ചെടി, മുൻകാലങ്ങളിൽ പുസ്തകങ്ങൾക്കുള്ള പത്രങ്ങളുണ്ടാക്കിയിരുന്ന ചെടി.

[illegible] (ബ. മാത്രം.) ഉണങ്ങിയമുന്തിരിങ്ങാപ്പഴം, കിശമിശ.

[illegible] കരിമ്പോളമരം, ചെന്നിനായകം.

[illegible] ഗ്രീ. സ്നേഹം, ഉപവി.

[illegible] സൈതെണ്ണ, തൈലം.

[illegible] ക്രൂൺ.

[illegible] മെസ്രേൻ, എജിപ്ത്.

[illegible] പു. എലി; മൂഷികൻ. [illegible]

[illegible] പെണ്ണെലി; ചെറിയ എലി.

[illegible] പെരിങ്കായം; സോമനാതി കായം.

[illegible] ഉരൽ; കുമ്മായം; ഒരുവക തൊപ്പി.

[illegible] ദൈവദൂതൻ; മാലാഖാ.

[illegible] ഗ്രീ. പു. തോട്; ചാല്; വെള്ളപ്പാത്തി; ഓവ്. [illegible]

[illegible] മൂത്രദ്വാരം.

[illegible] ജലപരിശോധകൻ.

[illegible] ഗ്രീ. പു. യുദ്ധം; പോരാട്ടം; ശണ്ഠ; മൽപ്പിടുത്തം. [illegible]

[illegible] യുദ്ധവീരൻ; യോദ്ധാവ്; മല്ലൻ; പരാക്രമി.

[illegible] ഗ്രീ. പു. മരണവേദന; വ്യഥ; സന്താപം.

[illegible] (റോമ്മാ

രാജാക്കന്മാർക്കുള്ള ഒരു പേര്;) സ്ഥാനാർഹൻ; പ്രഭയുള്ളവൻ;

[illegible] ചെറുകുപ്പി; തുകൽക്കടം. [illegible] നോ.

[illegible] ഗ്രീ. സ്ത്രീ. മണ്ഡപം; ചന്തസ്ഥലം; കച്ചേരി; ചുട്ട ഇഷ്ടിക.

[illegible] ഗ്രീ. പു. പറമ്പ്; നിലം; മൈതാനം; ജന്മഭൂമി; ഗ്രാമം; സത്രം; ആസ്പത്രി; തോട്ടം.

[illegible] ഗ്രീ. അഞ്ചാം പട്ടക്കാരൻ.

[illegible] നപുംസകൻ. [illegible] നോ..

[illegible] ഗ്രീ. പരിശുദ്ധൻ. [illegible]

[illegible] സ്ത്രീ. പരിശുദ്ധ; അഗ്രഹം; ദയ.

[illegible] രൂഹാദക്കദശാ.

[illegible] പു. രൂഹാദക്കദശായുടെത്ത. സ്ത്രീ. [illegible]

[illegible] അളിയൻ. [illegible] നോ.

[illegible] ഗ്രീ. സ്ത്രീ. ഒരുതരം വൃക്ഷം; ജനം.

[illegible] ഗ്രീ. മൈനാപ്പക്ഷി.

[illegible] ഒരു മരം.

[illegible] വാഗ്ക്രമില്ലാത്തവൻ.

[illegible] ഗ്രീ. വെള്ളിപോലെ മിനുങ്ങുന്ന ഒരുതരംസ്ഫടികക്കല്ല്.

[illegible] ഉറച്ച വെള്ളം; പനിക്കട്ട. [illegible] നോ.

[illegible] ഗ്രീ. ചിമ്പക്കണ്ണ്; കണ്ണിൽ വെള്ളം വരുന്ന ദീനം.

[illegible] ഗ്രീ. കണ്ണിൽക്കേട്; ചവുക്കാരം; കല്ലുപ്പ്. [illegible]

[illegible] ഗ്രീ. ഗ്രഹണം. [illegible]

[illegible] ഗ്രീ. വിഗ്രഹം; കൊത്തുരൂപം. [illegible]

[illegible] ഹി. പു. കുളം; വെള്ളത്തടാകം; വാപി; ഞാങ്ങണ. [illegible]

[illegible] ദേശാധിപൻ; നാട്ടുവാഴി; ന്യായാധിപൻ.

[illegible] നടത്തുകാരന്റെ ഉദ്യോഗം; നാട്ടുവാഴിയുടെ ഭരണം.

[illegible] കാര്യക്കാരനടുത്ത; അധികാരിക്കടുത്ത; [illegible] അധികാരം.

[illegible] ഹി. സ്ത്രീ. പാത്രം; ഭരണി; കുടം; മൺപാത്രം; കുപ്പി; ചെപ്പുകുടം; അഗ്നിപച്ചതവായ്; സ്തംഭാഗ്രം.

[illegible] സ്ത്രീ. (ബ. [illegible]) ചെറിയ കുടം; ഭരണി; കുപ്പി.

[illegible] ഗ്രീ. വായിക്കുന്നവൻ.

[illegible] ഗ്രീ. അമർത്തുന്നവൻ; ബലാല്ക്കാരം ചെയ്യുന്നവൻ.

[illegible] ഗ്രീ. സ്നേഹം; ഉപവി. [illegible]

[illegible] ഒരുമാതിരി ചെടി.

[illegible] പയറുകൾ.

[illegible] ഒരു നഗരത്തിന്റെ പേര്; ഒരുവക തൈയ്.

[illegible] ([illegible]) കൂലിക്കുവാങ്ങി; കൂലിക്കു വിളിച്ചു; പണം കൊടുത്ത് ഏൾപ്പെടുത്തി; കൂലിക്കു കൊടുത്തു.

[illegible] എതിരായി പ്രതിഫലം വാങ്ങി.

[illegible] വശീകരിച്ചു.

[illegible] ഉടമ്പടിചെയ്തു; കൂലിപറഞ്ഞു.

[illegible] ശ. ക. കൂലിക്കു കൊണ്ടുപോയി.

[illegible] കൂലിക്കു കൊടുത്തു.

[illegible] സ്ഥലം കൂലിക്കു കൊടുത്തു; കച്ചവടം ചെയ്തു; കൂലിവാങ്ങി.

[illegible] കൂലി; ശമ്പളം; പ്രതിസമ്മാനം.
[illegible] കൂലിക്കു വിളിക്കുന്നവൻ.
[illegible] അറ. ചുട്ട ഇഷ്ടിക.
[illegible] വേലക്കാരൻ; കൂലിക്കാരൻ; സേവകൻ; വേദോപദേശം പഠിക്കുന്നവൻ; ശമ്പളക്കാരൻ.
[illegible] ശമ്പളക്കാരൻെറ മുറയ്ക്ക്; സ്വമനസ്സാലെ.
[illegible] കൂലി; വാടക; ശമ്പളം; അനുഭവം; സേവകത്വം.
[illegible] ഏല്പാട്; ഉത്തരവാദിത്വം; അച്ചാരം; അച്ചാരം കൊടുത്ത പണം; പണയം; [illegible]. രണ്ടരചക്രം വിലയുള്ള ഒരു നാണയം.
[illegible] കൂലി; ശമ്പളം; ആദായം; സമ്മാനം.
[illegible] കച്ചവടം; വ്യാപാരം; ചരക്ക്; ലാഭം. [illegible] നോ.
[illegible] ശാസ്ത്രാഭ്യാസത്തിൽ പ്രീതിയുള്ളവൻ.
[illegible] പു. മേൽക്കൂര; മേൽപ്പുര. [illegible] (ബ. [illegible]) ചന്ദ്രബോധ; ചന്ദ്രരോഗം; ഒരു പിശാച്.
[illegible] പ്രധാന ന്യായാധിപൻ.
[illegible] സ്ത്രീ. സൈത്തെണ്ണ.
[illegible] സ്ത്രീ. കയ്പമ്പപ്പൂവ്; ചുണ്ടപ്പൂവ്.
[illegible] ഇ. ഒരു പച്ചമരുന്ന്.
[illegible] സ്ത്രീ. (ബ. [illegible]) ലേഖനം; എഴുത്ത്; പക്ഷം. [illegible].
[illegible] (അല്പാർത്ഥനാമം) ചെറിയ ലേഖനം; ചെറിയ എഴുത്ത്.
[illegible] ലേഖകൻ; എഴുത്തുകാരൻ.

[illegible] ഒരു മാതിരി വള്ളി.
[illegible] സ്ത്രീ. കിണ്ണം; പിഞ്ഞാണം.
[illegible] ഒരു വൃഷണമില്ലാത്തവൻ. [illegible]
[illegible] നല്ലവൻ; സത്ഗുണൻ.
[illegible] ദുഃഖിച്ചു; വേദിച്ചു.
[illegible] പഞ്ഞിമരം; (തലയിണ നിറയ്ക്കുന്ന ഏതു സാധനവും) മത്ത്യത്തിൻചികള.
[illegible] പു. ചൂള, എരിയുന്ന ചൂള, കളം, അടുപ്പ്. [illegible].
[illegible] ഘനംകുറഞ്ഞ, മൃദുവായ.
[illegible] (ക. എ.) പു. വലിയ ചാറ, വലിയ കലം, ചെമ്പ്, വാൾപ്പ്.
[illegible] പു. പനനാർ, തെങ്ങിൻെറ ആര്, വേഴം, തേനീച്ച.
[illegible] ചുവപ്പുള്ള ദേശം, — സ്ഥലം, — ഭൂമി.
[illegible] കത്താവ്, യജമാനൻ, നാഥൻ, അച്ഛൻ.
[illegible] (എ.) പു. കത്താവ്. [illegible] (ദൈവത്തിനു മാത്രം പറയുന്ന ഒരു പ്രത്യേകനാമം.)
[illegible] പു. അത്യാഗ്രഹം, കൊതി, കളി, മത്തവിലാസം, മോഹം.
[illegible] സഭ, കൂട്ടം, പള്ളി.
[illegible] തൊലി, തുകൽ, ചമ്മം.
[illegible] തേനും വെള്ളവും കലത്തിയ പാനകം.
[illegible] പട്ടുനൂൽ.
[illegible] ക്രി. സ. [illegible] കൊണ്ടുവന്നു. (ഉപയോഗമില്ല) [illegible] നോ.
[illegible] തിമിംഗലക്കൂട്ടം, നരകസപ്പം, പിശാച്. [illegible]

[illegible] വലിയവൻ, ബഹുമാനിക്കപ്പെട്ടവൻ, സ്തുതിക്കപ്പെട്ടവൻ.
[illegible] (ബ. [illegible]) ഒഴുക്ക്. കടലിലെ പിശർ, ഏററമിറക്കം.
[illegible] നിശ്ചയിച്ചു, നേർന്നു, കാഴ്ചവച്ചു.
[illegible] പണിയുന്നതിനുള്ള വര, മട്ടം.
[illegible] പു. ഒരു ചെടി, ശവക്കല്ലറയിങ്കൽ മുളയ്ക്കുന്ന ഒരു ഔഷധച്ചെടി.
[illegible] വലിയ കരടിയെന്ന നക്ഷത്രഗണം, വലിയ വണ്ടി, തേര്.
[illegible] സ്ത്രീ. [illegible] ചായില്യം, രസക്കട്ടി, വാതിൽ, പോക്കത്തക്.
[illegible] എ. ആദം, ആദ്യ മനുഷ്യൻ.
[illegible] മണ്ണിൽ നിന്നുള്ള, ഭൂമിക്കടുത്ത, ആദത്തെ സംബന്ധിച്ച.
[illegible] സ്ത്രീ. എ. ചെമ്മണ്ണ്, (ബ. ഇല്ല.) പൊടി. [illegible]
[illegible] ചെമ്മണ്ണിനടുത്ത, ഭൂമിക്കടുത്ത.
[illegible] സ്ത്രീ. പു. വൈരം, വൈരക്കല്ല്.
[illegible] വൈരക്കല്ലിനടുത്ത, ഉറപ്പുള്ള.
[illegible] സാദൃശ്യം [illegible] നോ.
[illegible] (ബ. [illegible]) സ്ത്രീ. ചെവി, മത്സ്യച്ചെകള, അന്തളം, പിടി, ഉന്തിനില്ക്കുന്ന മുനമ്പ്, ഉൾക്കടൽ, (ബ. അറ.) വിഞ്ഞൊഴിച്ചുവെയ്ക്കുന്ന തുകൽക്കടം.
[illegible] ചെവി വീക്കം.
[illegible] ഒരു പുല്ല്.
[illegible] കഴുതച്ചെവി എന്ന പുല്ല്.
[illegible] ഈ ബ. ജീവനുള്ള വസ്തുക്കളുടെ കണ്ണുങ്ങളെ കാണിക്കയും പത്തിനുതാഴെയുള്ള സംഖ്യക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. [illegible] ഇതു ജീവനില്ലാത്ത വസ്തുക്കളുടെ ചെവികളെ കഴുത്തമായി പ്രയോഗിക്കുകയും പത്തിനു മേലുള്ളസംഖ്യയെ കാണിക്കയും ചെയ്യുന്നു.
[illegible] കാതിൻെറ തട്ട്, ചെറിയ കാത്.
[illegible] സൂക്ഷിച്ചു കേട്ടു.
[illegible] കിഴങ്ങണ്ടി.
[illegible] മേൽപ്പെട്ടവർ, വലിയവർ, പ്രധാനികൾ.
[illegible] എള്ളള്, തിലകം.
[illegible] സ്ത്രീ. പാതാളം. [illegible]
[illegible] ഒരുതരം കുപ്പമഞ്ഞൾ, ഒരു ചായച്ചെടി.
[illegible] ഏദേസ്സാ. ഒറഹാ എന്ന നഗരം. [illegible]
[illegible] മാർച്ചുമാസം.
[illegible] കളം, കളപ്പുര, കുമ്പാരം, പത്താഴം, കുഴി.
[illegible] (ബ. [illegible]) സ്ത്രീ. കരു, പരു.
[illegible] കാരകിൽ, കരിവേലകം.
[illegible] ഒരുതരം പുല്ല്, പനിപ്പുല്ല്.
[illegible] വിധി, വിധിതീർപ്പ്.
[illegible] യജമാനൻ, വിധിയാളൻ.
[illegible] മാളിക, മുറി.
[illegible] മുകളിലത്തെ നില.
[illegible] വിയപ്പ്.
[illegible] തേനും വെള്ളവും കൂട്ടിച്ചേത്ത പാനീയം.
[illegible] പനിനീർ, ഇളാബ പു

ക്ഷുരസം കലത്തിയ വീഞ്ഞ്.

[illegible] മുദ്ര, അടയാളം, ഒപ്പ്, മുദ്രകുത്തുവാനുള്ള മോതിരം.

[illegible] രാജാരാമന, കോവിലകം.

[illegible] കച്ചേരിസ്ഥലം.

[illegible] ഗ്രീ. പു. വിഗ്രഹം, ബിംബം, പ്രതിമ, [illegible]

[illegible] വിധി നടത്തുവാനുള്ള ലിഖിതം.

[illegible] കാപ്പ, രാജാധികാര വസ്ത്രം.

[illegible] പെരുഞ്ജീരകം. എരിവും സുഗന്ധവുമുള്ള ജീരകം.

[illegible] ഒരുവക പല്ലു്; അഴുക്കകളയത്തക്ക സാധനം; താളി.

[illegible] ചിത; ഹോമപീഠം.

[illegible] തയ്യൽക്കാരൻ.

[illegible] ഒരുതരം മുതിര; പരിപ്പ്; പയറ്; അമരക്കാ.

[illegible] (ഭാ. [illegible]) ക്രി. ഭാവം മാററി; മിണ്ടാതെ ഇരുന്നു; അടച്ചു; അജാഗ്രത കാണിച്ചു; അടിച്ചു; മുട്ടി; തട്ടി; തരംതിരിച്ചു; ചെവിപൊത്തി. ([illegible] വി.) അടങ്ങി; കണ്ടില്ലെന്നു വെച്ചു; ക്രുദ്ധിച്ചില്ല. [illegible]

[illegible] ഉപേക്ഷ; അജാഗ്രത; സൂക്ഷക്കുറവു്; മൌനം; കള്ള ഭാവം.

[illegible] വേഷം; കേട്ടില്ലെന്നു വെയ്ക്കൽ.

[illegible] തരം; വിധം; ആൾ; ആകൃതി; ഉരു; രൂപം; രീതി; ജാതി. (ത്രു) ഫലം; അനുഭവം; കാതൽ; ക്രൂദാശമൊഴി. [illegible] തത്തുല്യൻ; അതേതരത്തിലുള്ളവൻ.

[illegible] ഭാഷാരീതി. [illegible] അവൻ അയോഗ്യനായിരുന്നു.

[illegible] തരത്തിൽ; വർഗ്ഗത്തിൽ.

[illegible] പ്രത്യേകവിധത്തിൽ; വിശേഷതരത്തിൽ; ഒത്തവിധേന.

[illegible] സ്വാഭാവികത; സ്വഭാവം; പ്രത്യേകത.

[illegible] (തത്വശാസ്ത്രം.) ജാതി; സ്വകീയമായ; അനാഗന്തുകമായ.

[illegible] സ്ത്രീ. തരം. [illegible] നോ.

[illegible] പു. തരം; പ്രകാരം; രൂപം; ജാതി.

([illegible]) [illegible] അവ്യ: (ധൈര്യത്തെ സൂചിപ്പിക്കുന്നതു്) ചിരിക്കയോ, സന്തോഷിക്കയോ, ആക്ഷേപിക്കയോ ചെയ്യുമ്പോൾ ഉളവാകുന്ന സ്വാഭാവിക ശബ്ദം.

[illegible] അവ്യ: (ധൈര്യം, ആക്ഷേപം ഇത്യാദികളെ സൂചിപ്പിക്കുന്നു.) അയ്യയ്യൊ.

[illegible] ചീങ്കണ്ണി.

[illegible] ഗ്രീ. പു. രാത്രിഗായകപ്പക്ഷി; രാത്രിരാഗിപ്പക്ഷി.

[illegible] ഒരുതരം പല്ലു്.

[illegible] ഹീ. [illegible] ആയിരുന്നവനും ആകുന്നവനും; (ദൈവത്തിന്റെ ഒരു പ്രത്യേകനാമം.

[illegible] കാമാതുരൻ.

[illegible] (. [illegible] എടുക്കം.) പരിഹസിച്ചു; നിസ്സാരമാക്കി.

[illegible] ക്രൂടാരം സ്ഥാപിക്കുന്നവൻ. പാർക്കുന്നവൻ. [illegible] നോ.

[illegible] (വേശ്യാ സ്ത്രീ) ശമ്രേൻ ദേശത്തിന്നു് എസക്യേൽ കൊടുത്ത ഗൂഢാർത്ഥനാമം. ഭസ്മം. വേശ്യൻ.

[illegible] ഓർശ്ലമ്മിന്നു് എസക്യേൽ ഇട്ട ഗൂഢാർത്ഥനാമം. (വേശ്യാസ്ത്രീ)

[illegible] മുതല. ചീങ്കണ്ണി. വലിയ മീൻ. തിമിംഗലം. കടലാന.

[illegible] സുഗന്ധമുള്ള ഒരു ചെടി. ഒരുതരം തുളസി. തുത്താവു്.

[illegible] ഒരു വിഗ്രഹത്തിന്റെ പേരു്.

[illegible] അഥവാ. അല്ലെങ്കിൽ. കാൽ.

[illegible] . . . [illegible] ഒന്നുകിൽ, അല്ലെങ്കിൽ. ഒ, ഒ. എങ്കിലും, എങ്കിലും. അങ്ങനെയോ, ഇങ്ങനെയോ.

[illegible] തിന്നുകയാണോ, കുടിക്കുകയാണോ.

[illegible] വന്നോ, ഇല്ലയോ.

[illegible] പക്ഷെ അങ്ങനെയോ.

[illegible] ആകാതിരിക്കേണ്ടതിന്നു്.

[illegible] അവ്യ: ഹെ. ഒ. (സംബോധന.) [illegible]

[illegible] (ഇതിന്റെ ക്രിയാന്യൂനം മാത്രമെ ഉപയോഗമുള്ളു.) [illegible] ഐകമത്യമുള്ളവനാകുന്നു. ഒരുമയുള്ള– സമ്മതമുള്ള –

[illegible] ശ. കമ്മ. ഐക്യപ്പെട്ടു. സഖ്യംചേർന്നു.

[illegible] ഐക്യപ്പെടുത്തി. യോജിപ്പിച്ചു. രമ്യമാക്കി. സമാധാനപ്പെടുത്തി. ഏക മനസ്സാക്കി.

[illegible] ശ. കമ്മ. ഐക്യപ്പെട്ടു. രമ്യപ്പെട്ടു. യോജിച്ചു.

[illegible] ടി. [illegible]

[illegible] ഐക്യം. ഏകമനസ്സു്. മനോയോജ്യത. സമ്മതം. [illegible]

[illegible] ഐകമത്യമുള്ള. രഞ്ജനയുള്ള. അരിമുഖമുള്ള.

[illegible] മനോ യോജ്യതയോടു ക്രൂടെ. ഐകമത്യത്തോടുക്രൂടെ.

[illegible] യോജിപ്പിക്കുന്നു. ചേർക്കുന്നു.

[illegible] യോജ്യത. ഐക്യം. രമ്യത.

[illegible] (ബ. [illegible]) കഴുതതാരം. [illegible] നോ.

[illegible] കുഴി. [illegible]

[illegible] പേരയ്ക്കാ. ഒരുമാതിരി കായു്.

[illegible] പോല്യമില്ലാ. [illegible]

[illegible] അവന്റേതു്. വീണ്ടും. ക്രൂടെയും.

[illegible] ഇല്ലില്ലാ.

[illegible] പു. കന്നം.

[illegible] ഗ്രീ. ബുദ്ധിമാൻ. സദുപദേഷ്ടാവു്. [illegible]

[illegible] അവ്യ. അയ്യോ. ന. ധൂപപാത്രം. ധൂപക്കുററി.

[illegible] ദുഃഖമുള്ളവൻ. സങ്കടക്കാരൻ.

[illegible] അലക്കുകല്ലു്.

[illegible] വെളുപ്പ്. ഒരുവകമീൻ.

[illegible] പു. ഒരു ചെടി. ഒരു ചുവന്ന വൃക്ഷം. കൈപ്പവൃക്ഷം.

[illegible] ദൈവവെളിപാടു്.

[illegible] അവ്യ. ഗ്രീ. കൊള്ളാം. (ധൈര്യത്തെ സൂചിപ്പിക്കുന്നതു്.)

[illegible] ഗ്രീ. സുഖം. സൌഖ്യം.

[illegible] പലനിറമുള്ള വസ്തുക്കൾ.

[illegible] വെള്ളിലാവു വൃക്ഷം. നന്മ ചെയ്യുന്നവൻ. ധർമ്മശാലി.

[illegible] പു. തീക്കൊള്ളി. കൊള്ളി. തീയിളക്കുന്ന വടി. [illegible]

[illegible] സന്തതി. അവകാശം.

[illegible] ആലോചന. അഭിപ്രായം. മനസ്സു്. ഇഷ്ടം.

[illegible] കുഴിയുള്ള കല്ലു്. ജലപാത്രം.

[illegible] കൊതി. ഭോജനപ്രിയം.

[illegible] വഴികാട്ടി. ഉപാദ്ധ്യായൻ. ഗുരു.

[illegible] നാടകശാല. സംഗീതശാല.

[illegible] വിങ്ങൽ.

[illegible] അയ്യൊ. (വ്യസനം, വിസ്മയം, കരുണ, ഇത്യാദികളെ സൂചിപ്പിക്കുന്നു.)

[illegible] ഗ്രീ. അവ്യ. ഹേ. അയ്യൊ. അവ്യ. (സങ്കടം. വ്യസനം. ഇത്യാദി.)

[illegible] പു. വിട്ടതിസ്ഥലം. വാസസ്ഥലം. ഭവനം.

[illegible] പു. മുറി. ഉൾമുറി. [illegible]

[illegible] പു. [illegible]

[illegible] സ്ഥലം. [illegible] നോ. മാമ്മോദിസാക്കല്ല്. ഉറവ്.

[illegible] വനത്തിലെ ലിലിപുഷ്പം.

[illegible] സർവ്വാധികാരി.

[illegible] എ. പു. മഹാന്മാർ. പ്രഭുക്കൾ. [illegible]

[illegible] അവ്യ. അയ്യൊ. ഹൈ. (ആശ്ചര്യം, സന്തോഷം, സന്താപം, – എന്നിവയ്ക്കു ഉപയോഗിക്കുന്നതു.)

[illegible] ഒരുതരം ചെടി.

[illegible] കാഠിന്യവും ഈടുമുള്ള സാധനം.

[illegible] കട്ടുത്തു [illegible] അവ്യ. അതായതു്. [illegible]

[illegible] ഗ്രീ. ചക്രത്തിൻെറ അച്ചുതണ്ടു്. അക്ഷം.

[illegible] കതിരജിനി. പൊതി [illegible] നോ.

[illegible] ഗ്രീ. സ്ത്രീ. ദിവ്യകാരുണ്യം. ദിവ്യപൂജ. ദിവ്യകാരുണ്യ അപ്പം. കാഴ്ച. ഉപകാരസ്മരണ. [illegible]

[illegible] കാററത്തിട്ട നീക്കിയ പതിരിൻെറയും മററും ക്രമ്പാരം. കഴമരം. [illegible]

[illegible] ഒരു തരം ധാന്യം. ചാമ.

[illegible] ഗ്രീ. (ദ്വി ലി.) സമഭൂമി. മൈതാനം. വയൽ. താഴ്വര. പറമ്പ്.

[illegible] പു. പട്ടണത്തിൽനിന്നും അകന്നു താമസിക്കുന്നു. ഗ്രാമത്തിൽ വസിക്കുന്നു.

[illegible] ഒട്ടകവാഹനം. ഒട്ടകപ്പുറത്തെമ്പാരി. താങ്ങ്. അടിവശം. തിരശില. [illegible]

[illegible] ഗ്രീ. ഒരു സുഗന്ധച്ചെടി.

[illegible] (ബ. [illegible]) ജാതി. [illegible] നോ.

[illegible] അവ്യ. ഒ! ഹെ! [illegible]

[illegible] ബ. ഒരു തുക്കം. [illegible] നോ.

[illegible] ഗ്രീ. പു. ഏവൻഗേലിയോൻ. സുവിശേഷം. [illegible]

[illegible] സുവിശേഷത്തിന്നടുത്ത.

[illegible] ഗ്രീ. സുവിശേഷകൻ. ഏവൻഗേലിസ്റ്റാ.

[illegible] ഗ്രീ. നപുംസകൻ. ഷണ്ഡൻ. ഭൃത്യൻ.

[illegible] വിഞ്ഞു്. ദ്രാക്ഷാരസം. [illegible]

[illegible] തായിമരം. തടി. തിരിച്ചറിവു്.

[illegible] ഗ്രീ. സ്ത്രീ. (ഔൺസ്) ഒരു തുക്കം. ഉദ്ദേശം അരപ്പലം.

[illegible] സ്ത്രീ. ദുഃഖം. തിരിച്ചറിവു്. [illegible]

[illegible] ഗ്രീ. പോലെ. തക്കവണ്ണം.

[illegible] ഗ്രീ. അസ്ഥി.

[illegible] ഗ്രീ. ഇഷ്ടിക. ഓട്ട്. ചുട്ട കളിമണ്ണ്. ഒരു തരം പരിമളം.

[illegible] ഗ്രീ. സ്ത്രീ. (ബ. [illegible]) സത്വം. സാരം. സത്തു്. കാതൽ. ഗുണം. വസ്തു. സ്വഭാവം. ധനം. സമ്പത്തു്. [illegible]

[illegible] കാതലിന്നടുത്ത.

[illegible] കാതലിന്നടുത്ത പ്രകാരം. കാതലായിട്ടു്. സത്തായിട്ടു്.

[illegible] സ്വഭാവം ധരിക്കപ്പെട്ട.

[illegible] ഗ്രീ പു. (കോൺസൽ എന്ന) ഒരു റോമൻ അധികാരി.

[illegible] സ്ത്രീ. ടി. യാൻെറ ഭാര്യ.

[illegible] വെള്ളം കൂടികിടക്കുന്ന സ്ഥലം.

[illegible] ഗ്രീ. ആൾ. കാതൽ. സ്ഥിതി. മൂൎത്തി. (വൈദ്യ) അഴക്ക്. മട്ട്.

[illegible] ഗ്രീ. ഉദ്ദേശ്യം. വാദമുഖം: [illegible]

[illegible] ഒരു ഔഷധം. കറുപ്പ്. കശകശ. [illegible] നോ.

[illegible] ചക്രം. ജലചക്രം.

[illegible] സ്ത്രീ. പൊക്കിളിന്നു താഴെയുള്ള ഭാഗം. നാഭി.

[illegible] സ്ത്രീ. [illegible] ചെറു കയിൽ. ഒരുപിൻറ്. സുഗന്ധപ്പെട്ടി. തൈലക്കുപ്പി.

[illegible] ഗ്രീ. കാര്യനിൎവ്വാഹകൻ. രാജ്യാധികാരി. അധിപതി.

[illegible] ഗ്രീ. സ്ത്രീ. ടി. യാൻെറ അധികാരത്തിൽപ്പെട്ട സ്ഥലം. സംസ്ഥാനം.

[illegible] പു. പത്തായം. കലവറ.

[illegible] ഗ്രീ. സ്ത്രീ. (ബ. [illegible]) നംക്രരം. ചീനി. സമുദ്രത്തിൻെറ ആഴം നോക്കുന്ന ചരട്.

[illegible] ഗ്രീ. മഹാസമുദ്രം. സാഗരം. വൻകടൽ.

[illegible] ഒരു തരം കുസുമം. പുഷ്പം.

[illegible] സ്ത്രീ. തലമുണ്ട്. *Mask*. മറവ്. മൊട്ടത്തൊണ്ട്.

[illegible] പു. കൂട്ടികെട്ടിയ കൈയ്.

[illegible] വെളിച്ചം. പ്രകാശം. [illegible] (പേ) കൈയ്. കരം. ഉള്ളൻ കൈയ്. മുഷ്ടി.

[illegible] ഗ്രീ. മണിക്കൂറു്. മണിനേരം. ഘടി. നാഴിക. [illegible]

[illegible] പു. വിവിധവൎണ്ണമുള്ള. പലനിറമുള്ള. [illegible] (ബ. [illegible]) സമുദ്ര വൎണ്ണക്കല്ലുകൾ.

[illegible] ഗ്രീ. പു. കരു. ഉപകരണം. അവയവം. കാരണം. മുഖാന്തിരം. (ബ. [illegible]) ഒരു വാദ്യക്കരു. ഓർഗണം. [illegible] വിശറി. ആലവട്ടം. [illegible] പഞ്ചേന്ദ്രിയങ്ങൾ.

[illegible] വി. കാരണമായുള്ള. മുഖാന്തിരമായുള്ള. കരുവിന്നടുത്ത. നാ. ജഡം. ഉടൽ. [illegible]

[illegible] സ്ത്രീ. വലിയ സൂചി.

[illegible] സ്ത്രീ. തവള. മണ്ഡൂകം; മൃഗങ്ങളുടെ കൊളമ്പിലെ മാൎദ്ദവഭാഗം.

[illegible] ഗ്രീ. പു. മല. [illegible]

[illegible] ഗ്രീ. അതിഴ്. അതിത്തി. എല്ലക. [illegible]

[illegible] സ്ത്രീ. വഴി. പാഥ. [illegible]

[illegible] (ബ. [illegible]) പുൽക്കുട്ട്. പുല്ലു ട്ടി. ഗോഷ്ഠം.

[illegible] ഗ്രീ. ഫലസമൃദ്ധിയുള്ള മലംചരിവ്.

[illegible] ഒരു നക്ഷത്ര സഞ്ചയം.

[illegible] ഗ്രീ. ചക്രവാളം.

[illegible] സ്ത്രീ. മൂശയുടെ ന്യായ പ്രമാണം. മൂശയുടെപഞ്ചഗ്രന്ഥം.

[illegible] പൊങ്ങിയ ചെറിയ തോട്ടം. [illegible]

[illegible] നോ.

[illegible] ഗ്രീ. വട്ടതിക്കാറ്റ്. വടക്കുകിഴക്കുനിന്നുള്ള കാറ്റ്. പെശറു വരുത്തുന്നകാറ്റ്.

[illegible] (ബ. [illegible]) സ്ത്രീ; [illegible] നോ. കിറത്തുണി.

[illegible] പു. [illegible] ഊറാല. കൈത്തുവാല

[illegible] വി. പുളപ്പുള്ള. കാമാതുരം. നാ. വിത്തുകാള. കതിം.

[illegible] എ. ഓശാന. ഭക്തിയും സ്തുതിശംസയും നിറഞ്ഞൊരു ആഹ്ളാദവാക്യം. രക്ഷിക്കേണമെ. [illegible]

[illegible] ഓശാനാഞായർ. കുരുത്തോലഞായർ.

[illegible] ഗ്രീ. സ്ത്രീ. (ബ. [illegible]) [illegible] ഇരുൾ. അന്ധകാരം.

[illegible] ഗ്രീ. സ്ത്രീ. അധികാരം. ജ്ഞാനാധികാരം. അധികാരത്തിൽപ്പെട്ടസ്ഥലം.

[illegible] പു. ഇളയ രോമം. താടിമീശ.

[illegible] ടി. രോമമുള്ള ചെറുക്കൻ. വിവാഹത്തിന്നപ്രായമായ ബാലൻ.

[illegible] രോമംകുറഞ്ഞ ശക്തിയുള്ളകാള. മൂരി. പുളപ്പുള്ള പോത്തു്. [illegible]

[illegible] അറബി. പു. ഗോപുരവാതിൽ. കോട്ടവാതിൽ. മണ്ഡപം. വളഞ്ഞകെട്ടിടം. [illegible]

[illegible] ഗ്രീ. പു. വാതിലിന്റെ കുറുംപടി, വാതിലിന്റെ ചുഴിക്കുററി തിരിയുന്ന കക്ഷണം· സാക്ഷാ. അന്താഴം.

[illegible] ചെറുവളവു്. ആഴ്.

[illegible] (വി. [illegible]) പോയി. ഗമിച്ചു. കടന്നുപോയി. പുറപ്പെട്ടുപോയി. മരിച്ചു. അടുത്തു. നടന്നു. മുൻഗതിയായി. ഉപകരിച്ചു. പരന്നു. നിരന്നു. ചിലവായി. പ്രയോജനമായി. [illegible] അവനു കൂട്ടുപോയി. സഹചരിച്ചു. സഹായിച്ചു.

N. B. സഹായിക്ക എന്ന അൎത്ഥത്തിൽ [illegible]. എപ്പോഴും ശബ്ദിക്കും.

[illegible] സ്വാമിഭക്തി കാണിച്ചു.

[illegible] ഇരയായിത്തിന്നു.

[illegible] വളൎന്നുകൊണ്ടിരുന്നു.

[illegible] എന്റെ ജീവിതംകൊണ്ടെന്തുപകാരം.

[illegible] എനിക്കതുകൊണ്ടെന്തുഫലം.

[illegible] അതു് ഒന്നിനും കൊള്ളകില്ല.

[illegible] (കൽ.) പു. വല. കണ്ണി. [illegible]

[illegible] പോക്കു്. യാത്ര.

[illegible] വഴിപോക്കൻ. പാന്ഥൻ.

[illegible] പോകുന്നവൻ. പോക്കു്.

[illegible] യാത്ര. പ്രയാണം. നടപ്പു്.

[illegible] യാത്ര. പ്രയാണം. പോക്കു്. പുറപ്പാടു്. [illegible] പുണ്യയാത്ര. തിൎത്ഥയാത്ര. [illegible] യുദ്ധയാത്ര. [illegible] രാത്രിയിലെ പ്രയാണം.

[illegible] സ്ത്രീ. ആകാശം. ആകാശഗോളം. ഗോളം. വൃത്താകാരം.

[illegible] അറബി. പു. ചുററുപടവ. പൂന്തപ്പു്. [illegible]

[illegible] പു. അരകച്ച. സാക്കച്ച. രോമംകൊണ്ടുള്ള അരക്കെട്ടു്.

[illegible] പിടിച്ചു. പിടിച്ചുനിൎത്തി. മുടക്കി· കരസ്ഥമാക്കി. സ്വാധീനത്തിൽനിൎത്തി. അടക്കി. വാണു. അടച്ചു. [illegible] (അവന്റെ കൈക്കു പിടിച്ചു) അവനെ സഹായിച്ചു. [illegible] (അവന്റെ അരസ്സു പിടിച്ചു.) അവനെ ആദരിച്ചു. [illegible] (ഒരുത്തനെ) ജീവനോടെ കാത്തു.

[illegible] വല്ലോരുത്തനോടു യോജിച്ചു. [illegible] തടഞ്ഞു. സമ്മതിപ്പിച്ചു. [illegible] ഭാഗംചേൎന്നു. ഭാഗത്തു നിന്നു. [illegible] മനോവൈരം കാത്തു. അരിശപ്പെട്ടു. കോപിച്ചു. [illegible] വ്രണം വ്യാപിച്ചു. കപടമായിട്ടു് ഇഴഞ്ഞുകയറി. ഉൾപ്രവേശിച്ചു. അധികാരം നടത്തി. പരന്നു. [illegible] കടംകഥ· പ്രഹേളിക· മറുപൊരുൾ പറഞ്ഞു. [illegible] കണ്ണുകെട്ടി. വശീകരിച്ചു. സ്തംഭനത്താൽ മയക്കി. അഭിചാരംചെയ്തു.

[illegible] വല്ലോരുത്തനോടു യുദ്ധം ചെയ്തു. [illegible] അവനെ തിരായി വാതിൽ അടച്ചു.

[illegible] അഗ്നിജ്വലിച്ചു.

[illegible] വൎഷകാലം തുടങ്ങി. [illegible]

[illegible] വല്ലൊരുത്തനു പകരമായി. [illegible] പിൻഗാമിയായി.

[illegible] സങ്കേതം പ്രാപിച്ചു.

[illegible] യുദ്ധംചെയ്തു. [illegible]

[illegible] ഒരുത്തന്റെ നാമത്തിൽ പ്രവൎത്തിച്ചു. [illegible]

[illegible] കാരണം പറഞ്ഞു.

[illegible] വീണ്ടും തുടങ്ങി.

[illegible] വേദമനുസരിച്ചു.

[illegible] അവനെബഹുമാനിച്ചു.

[illegible] കള്ളനായി. പിടിച്ചുപറിക്കാരനായി. [illegible] വഴിനിരോധിച്ചു.

[illegible] പൊയ്ക്കളഞ്ഞു. യാത്രുടൎന്നു. [illegible]

[illegible] ഓൎമ്മയിൽ നിൎത്തി.

[illegible] : [illegible] മിണ്ടടങ്ങി. [illegible]

[illegible] വിശ്വാസത്തെ കാത്തു് ഏതൽ പ്രമാണപ്രകാരം ജീവിച്ചു.

